2025 MARCH
04
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# മണപ്പുറം ഫിനാൻസിനെ ഏറ്റെടുക്കാൻ യുഎസ് കമ്പനി

## ഒരു ബില്യൺ ഡോളറിനാണ് (87,37,90,00,000 രൂപ) കരാർ ആയതെന്നാണ് സൂചന

MANAPPURAM FINANCE LIMITED

**കൊച്ചി:** മണപ്പുറം ഫിനാൻസ് ലിമിറ്റഡിനെ യുഎസ് ഇക്വിറ്റി കമ്പനിയായ ബെയിൻ ക്യാപ്പിറ്റൽ ഏറ്റെടുക്കാൻ ധാരണയായതായി റിപ്പോർട്ട്. ഒരു ബില്യൺ ഡോളറിനാണ് (87,37,90,00,000 രൂപ) കരാർ ആയതെന്നാണ് സൂചന. അന്തിമ തീരുമാനമായിട്ടില്ല. പ്രിഫറൻഷ്യൽ അലോട്ട്മെൻറ് പ്രകാരം തുക നിക്ഷേപിച്ച് ഭൂരിപക്ഷ ഓഹരികൾ വാങ്ങാനാണ് യുഎസ് കമ്പനിയുടെ നീക്കം. മൂന്നു മാസമായി ചർച്ചകൾ തുടരുകയാണ്. ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ സ്വർണപ്പണയ വായ്പാക്കമ്പനിയാണ് തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന മണപ്പുറം ഫിനാൻസ്. ബെയിൻ ഏറ്റെടുത്തേക്കാമെന്ന റിപ്പോർട്ടുകൾ പുറത്തു വന്നതോടെ മണപ്പുറത്തിൻറെ ഓഹരി വില ഉയർന്നു. 17,344 കോടി രൂപയാണ് കമ്പനിയുടെ വിപണി മൂല്യം. മണപ്പുറത്തിൻറെ ഉപകമ്പനിയായ ആശിർവാദ് മൈക്രോഫിൻസിനു മേലുള്ള നിയന്ത്രണങ്ങൾ റിസർവ് ബാങ്ക് ഒഴിവാക്കിയതും മണപ്പുറത്തിന് സഹായകമായി. കരാർ നടപ്പിലായാൽ നിലവിലുള്ള ഓഹരി വിലയേക്കാൾ 20 ശതമാനത്തിലേറെ പ്രീമിയം തുക നൽകി യുഎസ് കമ്പനി മണപ്പുറത്തിൻറെ ഭൂരിപക്ഷം ഓഹരികളും നേടിയേക്കും. എങ്കിലും കമ്പനിയുടെ സിഇഒ പദവിയിൽ മാറ്റം വന്നേക്കില്ല.

നിലവിൽ സിഇഒയും മാനേജിങ് ഡയറക്റ്ററുമായ വി.പി. നന്ദകുമാർ തന്നെ പദവിയിൽ തുടർന്നേക്കും. 1949ലാണ് തൃശൂർ സ്വദേശിയായ വി.സി. പത്മനാഭൻ മണപ്പുറം ഫിനാൻസ് ആരംഭിച്ചത്. അദ്ദേഹത്തിൻറെ മരണ ശേഷം നെടുങ്ങാടി ബാങ്കിലെ ഉദ്യോഗസ്ഥനായിരുന്ന മകൻ വി.പി. നന്ദകുമാർ സ്ഥാപനത്തിൻറെ തലപ്പത്തെത്തി. നിലവിൽ കമ്പനിയുടെ 35.25 ശതമാനവും നന്ദകുമാറിൻറെയും കുടുംബത്തിൻറെയും പേരിലാണ്.

# സംസ്ഥാനത്ത് 46 റോഡുകളുടെ നവീകരണത്തിന് 156 കോടി അനുവദിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്ത് 46 റോഡുകളുടെ നവീകരണത്തിന് 156.61 കോടി രൂപ അനുവദിച്ചു. തിരുവനന്തപുരം ജില്ലയിൽ അരുവിക്കര, വാമനപുരം മണ്ഡലങ്ങളിലായി രണ്ടു റോഡുകൾക്ക് 9.42 കോടി രൂപയും കൊല്ലം ജില്ലയിൽ കൊട്ടാരക്കര മണ്ഡലത്തിലെ ഒരു റോഡിന് മൂന്നു കോടി രൂപയും ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ മണ്ഡലത്തിലെ ഒരു റോഡിന് ഒരു കോടി രൂപയും എറണാകുളം ജില്ലയിൽ പിറവം മണ്ഡലത്തിലെ റോഡിന് 4.55 കോടി രൂപയുമാണ് അനുവദിച്ചത്. തൃശൂരിൽ ചേലക്കര, ഒല്ലൂർ മണ്ഡലങ്ങളിലെ രണ്ടു റോഡുകൾക്കായി 8 കോടി രൂപയും പാലക്കാട് ജില്ലയിൽ മലമ്പുഴ, തരൂർ, കോങ്ങാട്, ഒറ്റപ്പാലം മണ്ഡലങ്ങളിലായി നാലു റോഡുകൾക്ക് 17.5 കോടി രൂപയ്ക്കും ഭരണാനുമതിയായി. കഴിഞ്ഞ മാസം സംസ്ഥാനത്ത് 383 കോടി രൂപയുടെ റോഡ് നിർമാണത്തിന് ഭരണാനുമതിയായിരുന്നു. ഇതിനു പുറമേയാണ് കൂടുതൽ റോഡുകൾ നവീകരിക്കുന്നതിനും ആധുനിക രീതിയിൽ പുതുക്കിപ്പണിയുന്നതിനുമായി 156 കോടി രൂപ കൂടി അനുവദിച്ചിരിക്കുന്നത്.



# കാനഡയ്ക്കും മെക്സിക്കോയ്ക്കും താരിഫ് ചുമത്തുമെന്ന് ട്രംപ്

**വാഷിങ്ടൺ:** കാനഡയ്ക്കും മെക്സിക്കോയ്ക്കും എതിരെ ചുമത്തിയ താരിഫുകൾ ഒഴിവാക്കാനാകില്ലെന്നു യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. താരിഫുകൾ ചൊവ്വാഴ്ച പ്രാബല്യത്തിൽ വരുന്ന സാഹചര്യത്തിൽ ഇതൊഴിവാക്കാനുള്ള കരാറിന്റെ സാധ്യതയെക്കുറിച്ചു ചോദിച്ചപ്പോഴായിരുന്നു പ്രതികരണം. നേരത്തേ തീരുമാനിച്ച പോലെ താരിഫുകൾ ഇന്നുമുതൽ പ്രാബല്യത്തിൽ വരുമെന്നും ട്രംപ് വ്യക്തമാക്കി.

കാനഡയിൽനിന്നും മെക്സിക്കോയിൽനിന്നുമുള്ള ഇറക്കുമതികൾക്ക് 25 ശതമാനം താരിഫുകളും ചൈനയിൽ നിന്നുള്ള സാധനങ്ങൾക്ക് 10 ശതമാനം അധിക താരിഫുകളും ഫെബ്രുവരി ആദ്യ ആഴ്ചയാണു ട്രംപ് പ്രഖ്യാപിച്ചത്. പിന്നീട് കാനഡ, മെക്സിക്കോ രാജ്യങ്ങളിലെ ഇറക്കുമതികൾക്കുള്ള താരിഫ് 30 ദിവസത്തേക്കു താൽക്കാലികമായി നിർത്തിവച്ചു. അതിർത്തി സുരക്ഷ മെച്ചപ്പെടുത്തുന്നതിന് ഇരുരാജ്യങ്ങളും പുതിയ പദ്ധതികൾ തയാറാക്കിയെന്നും പറഞ്ഞിരുന്നു.

”മെക്സിക്കോ, കാനഡ എന്നീ രാജ്യങ്ങളിൽനിന്നു വളരെ ഉയർന്ന അളവിലാണു ലഹരിമരുന്ന് യുഎസിലേക്ക് എത്തുന്നത്. ഇവയിൽ ഭൂരിഭാഗവും ഫെന്റനൈലിന്റെ രൂപത്തിലാണ്. ഇതു ചൈനയിൽ നിർമിച്ചു വിതരണം ചെയ്യുന്നതാണ്. അപകടകരമായ ഇവയുടെ ഉപയോഗത്താൽ കഴിഞ്ഞ വർഷം ഒരു ലക്ഷത്തിലേറെ ആളുകൾ മരിച്ചു” എന്നാണു കഴിഞ്ഞ ഫെബ്രുവരിയിൽ ട്രൂത്ത് സോഷ്യൽ പോസ്റ്റിൽ ട്രംപ് പറഞ്ഞത്. മാർച്ച് 4 മുതൽ ചൈനയിൽനിന്ന് 10 ശതമാനം അധിക താരിഫ് ഈടാക്കുമെന്നും യുഎസ് അറിയിച്ചു.

# രാജ്യത്തെ 15 തുറമുഖങ്ങളെ പിന്നിലാക്കി വിഴിഞ്ഞം ഒന്നാമത്



**തിരുവനന്തപുരം:** അതിവേഗം ഉയരങ്ങളിലേയ്ക്ക് കുതിക്കുകയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഫെബ്രുവരിയിൽ കൈകാര്യം ചെയ്ത ചരക്കിൻറെ അളവിൽ ഇന്ത്യയിലെ തെക്കു, കിഴക്കൻ മേഖലകളിലെ 15 തുറമുഖങ്ങളിൽ ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുകയാണ് തുറമുഖം.

ട്രയൽ റൺ തുടങ്ങി 8 മാസവും കൊമേഴ്സ്യൽ ഓപ്പറേഷൻ തുടങ്ങി 3 മാസവും മാത്രം പിന്നിട്ട പദ്ധതിയുടെ ഈ നേട്ടം വിസ്മയകരമാണ്. ഫെബ്രുവരി മാസത്തിൽ 40 കപ്പലുകളിൽ നിന്നായി 78,833 ടിഇയു ചരക്കാണ് വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ കൈകാര്യം ചെയ്തത്.

ആഗോള മാരിടൈം രംഗത്ത് വിഴിഞ്ഞത്തിൻറെ പ്രാധാന്യം വർധിക്കുകയാണ്. കേരളത്തിൻറെ വികസനത്തിൽ തുറമുഖത്തിൻറെ വളർച്ച മികച്ച രീതിയിൽ പ്രതിഫലിക്കും. ലോകത്തെ ഏറ്റവും മികച്ച തുറമുഖങ്ങളിൽ ഒന്നാക്കി വിഴിഞ്ഞം അദാനി അന്താരാഷ്ട്ര തുറമുഖത്തെ മാറ്റുന്നതിനായി ദൃഢനിശ്ചയത്തോടെ സർക്കാർ മുന്നോട്ടു പോകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY




# ഐഎം.എ കൊച്ചിധനം ഹെൽത്ത്കെയർ സമ്മിറ്റ് മാർച്ച് 8ന് കൊച്ചിയിൽ

**കൊച്ചി :** ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ കൊച്ചി ശാഖയുമായി ചേർന്ന് ധനം സാമ്പത്തിക ദ്വൈവാരികയുടെ നേതൃത്വത്തിൽ മാർച്ച് എട്ടിന് ഹെൽത്ത് കെയർ സംഗമവും അവാർഡ് നിശയും സംഘടിപ്പിക്കുന്നു. കൊച്ചി ലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ രാവിലെ 9 മുതൽ രാത്രി 9 വരെയാണ് സമ്മിറ്റ്. രാജ്യാന്തരതലത്തിലെ 30ലേറെ പ്രമുഖർ പ്രഭാഷകരായി എത്തും. കേരളത്തിനകത്തും പുറത്തുനിന്നുമുള്ള 40 ലേറെ കമ്പനികളും സമ്മിറ്റിൽ പങ്കെടുക്കുമെന്ന് ഐഎംഎ കൊച്ചിൻ പ്രസിഡന്റ് ഡോ. ജേക്കബ് ഏബ്രഹാം, സെക്രട്ടറി ഡോ. സച്ചിൻ സുരേഷ്, ഐ.എം.എ മുൻ പ്രസിഡന്റ് ഡോ.എം ഐ ജുനൈദ് റഹ്മാൻ, ധനം ബിസിനസ് മീഡിയ ചീഫ് എഡിറ്റർ കുര്യൻ ഏബ്രഹാം, എക്സിക്യൂട്ടീവ് എഡിറ്ററും ഡയറക്റ്ററുമായ മരിയ ഏബ്രഹാം എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് മുഖ്യാതിഥിയാകും. സംഗമത്തോടനുബന്ധിച്ച് ആരോഗ്യ രംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പ്രാക്ടിക്കൽ ആപ്ലിക്കേഷനെ അവലംബിച്ചുള്ള സമാന്തര സെഷനുകളും ഉണ്ടാകും. സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് മികവ് തെളിയിച്ച വിഭിന്ന വിഭാഗങ്ങളിലുള്ള ആശുപത്രികൾക്ക് എക്സലൻസ് പുരസ്കാരങ്ങൾ സമർപ്പിക്കും.അവാർഡ് നിശയിൽ അസോസിയേഷൻ ഓഫ് ഹെൽത്ത്കെയർ പ്രൊവൈഡേഴ്സ് ഓഫ് ഇന്ത്യ ഡയറക്റ്റർ ജനറലും എൻഎബിഎച്ച് ബോർഡ് അംഗവുമായ ഡോ. ഗിരിധനർ ഗ്യാനി മുഖ്യാതിഥിയാകും. യുഎൻ ഉന്നത ഉദ്യോഗസ്ഥൻ മുരളി തുമ്മാരുകുടി മുഖ്യപ്രഭാഷണം നടത്തും. ”സംസ്ഥാനത്തെ ഹെൽത്ത് കെയർ പ്രൊഫഷണലുകൾക്കും നൂതന സാധ്യതകൾ തേടുന്ന സംരംഭകർക്കും ബിസിനസുകൾക്കും ഏറെ ഉപകാപ്രദമാകുന്ന വിധത്തിലാണ് സംഗമം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ആശുപത്രികൾ എങ്ങനെ അടുത്ത തലത്തിലേക്ക് വളർത്താം, വളർച്ചയ്ക്കുവേണ്ട ഫണ്ട് എങ്ങനെ സമാഹരിക്കാം, ഹെൽത്ത്കെയർ രംഗത്തെ എഐ വിപ്ലവം, മെഡിക്കൽ ഉപകരണ മേഖലയുടെ മാറുന്ന മുഖം, മെഡിക്കൽ ടൂറിസം എന്നിങ്ങനെ വ്യത്യസ്തവും ഇപ്പോൾ ഏറെ പ്രസക്തവുമായ ഒട്ടേറെ കാര്യങ്ങൾ സംഗമം ചർച്ച ചെയ്യുമെന്ന് ധനം ചീഫ് എഡിറ്റർ കുര്യൻ ഏബ്രഹാം വ്യക്തമാക്കി.

# കരളകം പാടശേഖരത്തിൽ കൃഷി പുനരാരംഭിക്കുന്നതിന് രണ്ടുകോടിയുടെ സമഗ്ര പദ്ധതി ആവിഷ്കരിക്കും: കൃഷി മന്ത്രി



**ആലപ്പുഴ:** നഗരസഭയിലെ കരളകം പാടശേഖരത്തിൽ വിവിധ കാരണങ്ങളാൽ മുടങ്ങിക്കിടക്കുന്ന നെൽകൃഷി പുനരാരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെ രണ്ടുകോടിയുടെ സമഗ്ര വികസന പദ്ധതി ആവിഷ്കരിച്ച് അടിയന്തരമായി നടപ്പിലാക്കുമെന്ന് കൃഷി മന്ത്രി പി പ്രസാദ്. കേരള നിയമസഭ കോൺഫറൻസ് ഹാളിൽ ചേർന്ന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഏതാണ്ട് 70 ഏക്കറോളം വിസ്തൃതിയുള്ള പാടശേഖരത്തിൽ ജല ആഗമന നിർഗമന സംവിധാനങ്ങളിലെ അപര്യാപ്തത, ബണ്ടുകളിൽ ചളി നിറഞ്ഞ് ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന സ്ഥിതി, കാർഷിക യന്ത്രങ്ങൾ പാടശേഖരത്തിലേക്ക് എത്തിക്കുന്നതിന് സൗകര്യമില്ലായ്മ, പുറംബണ്ടുകളിലെ ബലക്ഷയം തുടങ്ങി നിരവധി പ്രശ്നങ്ങളാൽ കഴിഞ്ഞ നാലുവർഷമായി കൃഷിയിറക്കാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളതെന്ന് യോഗത്തിൽ ആലപ്പുഴ എംഎൽഎ, പി പി ചിത്രരഞ്ജൻ അറിയിച്ചു. നഗരസഭയിലെ 4 വാർഡുകളിലായി നിലകൊള്ളുന്ന കരളകം പാടശേഖരത്തിന്റെ പ്രശ്ന പരിഹാരത്തിന് മുൻ വർഷങ്ങളിൽ ഫണ്ട് വകയിരുത്തി പ്രശ്ന പരിഹാരത്തിന് ശ്രമിച്ചിട്ടുണ്ടെന്നും എന്നാൽ കഴിഞ്ഞ നാല് വർഷമായി കൃഷിയിറക്കാൻ കഴിയാതെ വന്നതോടെ ഇവിടം സാമൂഹിക വിരുദ്ധരുടെയും ഇഴജന്തുക്കളുടെയും താവളമായിമാറിയിരിക്കുകയാണെന്നും, ഇവയുടെഒക്കെ ശാശ്വത പരിഹാരത്തിന് കൃഷിവകുപ്പിന്റെ ഇടപെടൽ അത്യന്താപേക്ഷിതമാണെന്നും ചെയർപേഴ്സൺ കെ കെ ജയമ്മ യോഗത്തിൽ അറിയിച്ചു.

കൃഷിവകുപ്പ് എൻജിനീയറിങ് വിഭാഗത്തിനോട് (സ്റ്റേറ്റ് അഗ്രികൾച്ചറൽ എൻജിനീയർ) 10 ദിവസത്തിനകം ഒരു പഠനം നടത്തി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കൃഷി മന്ത്രി നിർദേശം നൽകി. പാടശേഖരത്തിലെ ജലസേചന സംവിധാനം, പുനഃരുജ്ജീവനം, പുറം ബണ്ട് ബലപ്പെടുത്തൽ, 4 പമ്പ് ഹൗസുകളുടെനിർമ്മാണം, കാർഷിക യന്ത്രങ്ങൾ ഉൾപ്പെടെ പാടശേഖരത്തിൽ എത്തിക്കുന്നതിന് ട്രാക്ടർ ബ്രിഡ്ജുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക്, കൃഷിവകുപ്പിന്റെയും എം.എൽ.എ ഫണ്ട്, നഗരസഭ ഫണ്ട് എന്നിവ സംയോജിപ്പിച്ചുകൊണ്ട് രണ്ടുകോടിയുടെ പദ്ധതി നടപ്പിലാക്കുമെന്ന് മന്ത്രി അറിയിച്ചു. പാടശേഖരത്തിന്റെ റിസർവ്വേ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് റവന്യൂ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. ആലപ്പുഴ നഗരസഭാ വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സതീദേവി എം ജി, കൗൺസിലർ അമ്പിളി അരവിന്ദ്, കൃഷി വകുപ്പ് ഡയറക്ടർ ശ്രീരാം വെങ്കിട്ടരാമൻ, കർഷകപ്രതിനിധി കെ സി ജോസഫ്, കൃഷി അഡീഷണൽ ഡയറക്ടർ മീന ടി ഡി, അഡീഷണൽ സെക്രട്ടറി സുരേഷ് കുമാർ കെ, സ്റ്റേറ്റ് അഗ്രികൾച്ചറൽ എൻജിനീയർ വി ബാബു, ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ അമ്പിളി സി തുടങ്ങിയവർ പങ്കെടുത്തു.



# മൂന്നാമത് കേരള സംസ്ഥാന വൺ സ്റ്റെപ്പ് തായ്ക്വോണ്ടോ ചാമ്പ്യൻഷിപ്പിൽ പരമഭട്ടാര കേന്ദ്രീയ വിദ്യാലയം ചാമ്പ്യന്മാരായി

**കോലഞ്ചേരി:** രാജഗിരി കോളജിൽ നടന്ന മൂന്നാമത് കേരള സംസ്ഥാന വൺ സ്റ്റെപ്പ് തായ്ക്വോണ്ടോ ചാമ്പ്യൻഷിപ്പിൽ പരമഭട്ടാര കേന്ദ്രീയ വിദ്യാലയത്തിലെ തക്സ്വാ ക്ലബ് ചാമ്പ്യന്മാരായി. 12 വിദ്യാലയങ്ങളിൽ നിന്നും നൂറിലേറെ കായികതാരങ്ങൾ പങ്കെടുത്ത മത്സരത്തിൽ പരമഭട്ടാര കേന്ദ്രീയ വിദ്യാലയം 8 സ്വർണ്ണം, 14 വെള്ളി, 10 വെങ്കല മെഡലുകൾ നേടി ചാമ്പ്യൻഷിപ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച വിദ്യാലയമായി.

തായ്ക്വോണ്ടോ കായിക താരവും പരമഭട്ടാര കേന്ദ്രീയ വിദ്യാലയത്തിലെ കായികാദ്ധ്യാപകനുമായ അമൽ സജിയുടെ നേതൃത്വത്തിൽ നൂറിലധികം വിദ്യാർത്ഥികളാണ് വിദ്യാലയത്തിൽ തായ്ക്വോണ്ടോ പരിശീലനത്തിൽ പങ്കെടുത്തു വരുന്നതെന്ന് സ്കൂൾ പ്രിൻസിപ്പാൾ മനോജ് മോഹൻ അറിയിച്ചു.

# നൈറ്റ് സ്ട്രീറ്റൊരുങ്ങി

**ആലപ്പുഴ:** ബീച്ചിലെ പകലും രാത്രിയുമെല്ലാം ഇനി കളറാകും. ഫുഡ് കോർട്ടും ഓപ്പൺ ജിമ്മും ഓപ്പൺ സ്റ്റേജും കളിസ്ഥലവുമെല്ലാമായി നൈറ്റ് സ്ട്രീറ്റ് ഉടൻ പ്രവർത്തനം ആരംഭിക്കും. സീ ലോഞ്ച് എന്ന പേരിൽ സ്വകാര്യ സംരംഭകന്റെ സഹകരണത്തോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബീച്ച് പാർക്കാണ് നഗരസഭയുടെ നേതൃത്വത്തിൽ ഒരുക്കുന്നത്.

ബീച്ചിന്റെ തെക്കുവശം കാറ്റാടി മരങ്ങൾക്കിടയിലാണ് പാർക്ക് ഒരുക്കിയിരിക്കുന്നത്. നഗരസഭയുടെ 1.28 ഏക്കർ ഭൂമിയിൽ സ്വകാര്യ സംരംഭകനായ മണ്ണഞ്ചേരി സ്വദേശി മുഹമ്മദ് യാസിറാണ് പാർക്ക് യാഥാർത്ഥ്യമാക്കിയത്. 1.5 കോടിയോളമാണ് മുതൽമുടക്ക്. പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു തുടങ്ങിയ പാർക്ക് ഈ മാസം അവസാനത്തോടെ പൂർണ്ണ പ്രവർത്തന സജ്ജമാകും.

മനോഹരമായ വൈദ്യുതി ദീപങ്ങളാൽ അലങ്കരിച്ച അന്തരീക്ഷത്തിൽ കടൽ കാറ്റേറ്റ് വിശ്രമിക്കുന്നതിനും വ്യായാമം ചെയ്യുന്നതിനും കളിക്കുന്നതിനും സെൽഫി എടുക്കുന്നതിനുമെല്ലാമായി കുടുംബസമേതം ആളുകൾ എത്തുന്നുണ്ട്. വൈവിധ്യമാർന്ന പ്രീമിയം ഫുഡുകൾ, ഐസ്ക്രീം, സാൻഡ്വിച്ച്, ജ്യൂസ്, ഷേക്സ്, ചായ, കോഫി, അറബിക് ഭക്ഷണം തുടങ്ങിയവയുടെ 13 ഫുഡ് കോർട്ടുകൾ നിലവിൽ ലഭ്യമാണ്. കിഡ്സ് ഏരിയ, ഗെയിമിംഗ് ഏരിയ, ഓപ്പൺ ജിം, 360 ഡിഗ്രി സെൽഫി ക്യാമറ, ബുൾ റൈഡ്, വി ആർ പോലുള്ള വിനോദ സൗകര്യങ്ങളും ഉടൻ ഒരുങ്ങും. ഭിന്നശേഷിക്കാർക്കായി പ്രത്യേക സംവിധാനങ്ങളും ഒരുക്കുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും രാപകൽ വ്യത്യാസമില്ലാതെ ഉല്ലസിക്കാനുള്ള ഇടമായി ഇതിനോടകംതന്നെ പാർക്ക് മാറിക്കഴിഞ്ഞു. പൂർണ്ണ പ്രവർത്തന സജ്ജമാകുന്നതോടെ ഓപ്പൺ സ്റ്റേജിൽ വിവിധ പരിപാടികൾ ആസ്വദിക്കുന്നതിനും അവതരിപ്പിക്കുന്നതിനും ആളുകൾക്ക് അവസരം ലഭിക്കും. മുൻകൂട്ടി ബുക്ക് ചെയ്യാവുന്ന ഹട്ടുകളും ഇവിടെയുണ്ട്. ആഭ്യന്തര, വിദേശ സഞ്ചാരികളെ ഒരുപോലെ ആകർഷിക്കാൻ പോന്ന നിലയിലാണ് ബീച്ച് പാർക്ക് ഒരുക്കിയിട്ടുള്ളത്. പ്രവേശനം തികച്ചും സൗജന്യമാണ്. പാർക്കിൽ ഒരുക്കിയിരിക്കുന്ന ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും ആസ്വദിക്കുന്നതിന് നിശ്ചിത ഫീസ് ഈടാക്കും. പാർക്കിന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് 14 തൊഴിലാളികളും 18 സിസിടിവി ക്യാമറകളും ഒരുക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായി 50,000 ലിറ്റർ എസ്ടിപി ടാങ്കും ശുചീകരണത്തിന് പ്രത്യേകം തൊഴിലാളികളുമുണ്ട്. മാറുന്ന കാലത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിനോദസഞ്ചാരത്തെ കൂടുതൽ ജനകീയമാക്കുകയാണ് ആലപ്പുഴ നഗരസഭ.

# ലോക കേൾവി ദിനം ആചരിച്ചു

**ആലപ്പുഴ:** മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവർത്തിക്കുന്ന റീജിയണൽ ഏർളി ഇന്റ്റർവെൻഷൻ സെന്റർ (ആർ.ഇ.ഐ.സി) ആൻഡ് ഓട്ടിസം സെന്ററിന്റെ ആഭിമുഖ്യത്തിൽ ലോക കേൾവി ദിനം ആചരിച്ചു.

മനോഭാവങ്ങളെ മാറ്റി എല്ലാർക്കും കേൾവി പരിശോധന സാധ്യമാക്കാം എന്നതായിരുന്നു പ്രമേയം. ആർഇഐസി യുടെ നോഡൽ ഓഫീസറും ശിശുരോഗ വിഭാഗം അസോ. പ്രൊഫസറുമായ ഡോ. ലതിക നായർ പരിപാടി ഉദ്ഘാടനം ചെയ്തു. നവജാത ശിശുക്കളിലെ കേൾവി പരിശോധനയുടെ പ്രാധാന്യം, കേൾവി കുറവിന്റെ കാരണങ്ങൾ, ചികിത്സ രീതികൾ, മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെ കുറിച്ച് ആർഇഐസി ആൻഡ് ഓട്ടിസം സെന്ററിന്റെ ഓഡിയോലോജിസറ്റ് ആൻഡ് സ്പീച്ച് തെറാപ്പിസ്റ്റ് വി.എസ്. അനുമോൾ മാതാപിതാക്കൾക്ക് ക്ലാസ്സ് എടുത്തു. ആർഇഐസി മാനേജർ ലിനി ഗ്രിഗറി നന്ദി പറഞ്ഞു.

സൊസൈറ്റി ടുഡേ SOCIETY TODAY

# മത്സ്യഗ്രാമങ്ങളിൽ കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കാനുള്ള പദ്ധതി നടപ്പാക്കും: കേന്ദ്ര മന്ത്രി ജോർജ്ജ് കുര്യൻ

## ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ് പദ്ധതിക്ക് തുടക്കമായി

**തലശ്ശേരി:**സംസ്ഥാനത്തെ ആറ് മത്സ്യഗ്രാമങ്ങളിൽ കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കാനുള്ള പദ്ധതി നടപ്പാക്കുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തലശ്ശേരി കോടിയേരി സ്മാരക നഗരസഭ ടൗൺ ഹാളിൽ നിർവഹിക്കുകയായിരുന്നു കേന്ദ്ര സഹമന്ത്രി .

ഐ എസ് ആർ ഒ യുമായി ചേർന്ന് ഒരു ലക്ഷം ബോട്ടുകളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പദ്ധതി വ്യാപിപ്പിക്കുമെന്ന് കേന്ദ്ര സഹമന്ത്രി അറിയിച്ചു. മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വവും ആശയവിനിമയ സാധ്യതയും കണക്കിലെടുത്താണ് പദ്ധതി നടപ്പാക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് ആധുനിക സംവിധാനത്തോടെ ബോട്ടുകൾ നിർമ്മിച്ചു നൽകുകയും പരിശീലനം സാധ്യമാക്കുകയും ചെയ്യും. 200 നോട്ടിക്കൽ മൈൽ ദൂരവും മത്സ്യത്തൊഴിലാളികൾക്ക് ഉപയോഗപ്പെടുത്താനുള്ള സൗകര്യം ഒരുക്കും. മത്സ്യ സമ്പത്തിന്റെ കാര്യത്തിൽ രാജ്യം ഒന്നാം സ്ഥാനത്തെത്താനാണ് ശ്രമിക്കുന്നത്. ഫിഷറീസ് മേഖലയിൽ സർക്കാർ ഫണ്ട് വിനിയോഗിക്കുന്ന കാര്യത്തിൽ കേരളം മുൻപന്തിയിൽ ആണെന്നും ഹാർബറുകൾ ഭാവിയിൽ കൂടുതൽ ജനസൗഹൃദമാക്കുമെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു. ഗുണഭോക്താക്കൾക്കുള്ള ഐസ് ബോക്സ് വിതരണവും ധനസഹായ വിതരണവും അദ്ദേഹം നിർവഹിച്ചു.

ചാലിൽ ഗോപാലപേട്ട ഫിഷ് മാർക്കറ്റ് നിർമ്മാണ ഉദ്ഘാടനം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ ഓൺലൈനായി നിർവഹിച്ചു. മത്സ്യബന്ധന മേഖലയിലെ ജനങ്ങളുടെ സമഗ്ര വികസനമാണ് പുതിയ പദ്ധതികൾകൊണ്ട് സാധ്യമാകുന്നതെന്നും പദ്ധതികളുടെ നിർവഹണ പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. സ്പീക്കർഎ.എൻ ഷംസീർ അധ്യക്ഷനായിരുന്നു. എൻ.എഫ്.ഡി.പി. രജിസ്ട്രേഷൻ ക്യാമ്പ് ഉദ്ഘാടനം തലശ്ശേരി നഗരസഭാ ചെയർപേഴ്സൻ ജമുനാ റാണി ടീച്ചർ നിർവഹിച്ചു. ഫിഷറീസ് ഡയറക്ടർ സഫ്ന നസറുദ്ദീൻ റിപ്പോർട്ട് അവതരിപ്പിച്ചു.

ഫിഷറീസ് വകുപ്പ് ഗവ. സ്പെഷ്യൽ സെക്രട്ടറി ബി. അബ്ദുൾ നാസർ, തലശ്ശേരി നഗരസഭ വൈസ് ചെയർമാൻ എം.വി ജയരാജൻ, ധർമ്മടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ.കെ രവി, ന്യൂമാഹി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.കെ സെയ്തു, ഹാർബർ എൻജിനീയറിങ് വകുപ്പ് ചീഫ് എൻജിനീയർ എം.എ മുഹമ്മദ് അൻസാരി, മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ പി.സഹദേവൻ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ചീഫ് എൻജിനീയർ ടി.വി ബാലകൃഷ്ണൻ, വാർഡ് കൗൺസിലർമാർ, മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



### ലക്ഷ്യം തീരദേശ മത്സ്യ ഗ്രാമങ്ങളുടെ സമഗ്ര പുരോഗതി

മത്സ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ 202021 സാമ്പത്തിക വർഷം മുതൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. തീരദേശ മത്സ്യ ഗ്രാമങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ സമഗ്ര പുരോഗതിയാണ് പദ്ധതിയുടെ ലക്ഷ്യം. രാജ്യത്തെ 3477 മത്സ്യ ഗ്രാമങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 100 മത്സ്യഗ്രാമങ്ങളെയാണ് ആദ്യഘട്ടത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കണ്ണൂർ ജില്ലയിലെ ചാലിൽ ഗോപാലപേട്ട മത്സ്യഗ്രാമത്തിന് പുറമെ, ആലപ്പുഴ ആറാട്ടുപുഴ മത്സ്യഗ്രാമം, എറണാകുളത്തെ ചെല്ലാനം, നായരമ്പലം മത്സ്യഗ്രാമങ്ങൾ, തൃശ്ശൂർ ജില്ലയിലെ എടക്കഴിയൂർ മത്സ്യഗ്രാമം, മലപ്പുറത്തെ പൊന്നാനി, താനൂർ മത്സ്യഗ്രാമങ്ങൾ, കോഴിക്കോട് ചാലിയം മത്സ്യഗ്രാമം, കാസർകോട് ഷിറിയ മത്സ്യ ഗ്രാമം എന്നീ തീരദേശ മത്സ്യ ഗ്രാമങ്ങളിലാണ് നിലവിൽ പദ്ധതിക്ക് കേന്ദ്രസംസ്ഥാന സർക്കാറുകളുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്.

മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തീരമേഖലയിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സെന്ററുകളുടെ നിർമ്മാണം, കൃത്രിമ പാരുകൾ നിക്ഷേപിക്കൽ, അകാടൂറിസം പ്രവർത്തനങ്ങൾ, എക്സ്റ്റൻഷൻ യൂട്ടിലിറ്റി സെന്ററുകൾ, കോസ്റ്റൽ ബയോ ഷീൽഡ് സ്ഥാപിക്കൽ, ലാൻഡിംഗ് സെന്ററുകളുടെ നിർമ്മാണം, മത്സ്യതൊഴിലാളി ഭവനങ്ങളുടെ പുനരുദ്ധാരണം, കോൾഡ് സ്റ്റോറേജ് സൗകര്യങ്ങൾ സ്ഥാപിക്കൽ, മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം, പൊതു ശൗചാലായങ്ങളുടെ നിർമ്മാണം, ലാൻഡിംഗ് സെന്ററുകളിൽ ഇ ടി പി സ്ഥാപിക്കുക തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പിലാക്കും. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് വരുമാന വർധനവ് ലഭിക്കുന്ന കൂടുകളിലെ മത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി കൂടാതെ, സോളാർ ഡ്രയർ, ഐസ് ബോക്സുകൾ, ഇലക്ട്രിക് ഫിഷ് വെൻഡിംഗ് ഓട്ടോ കിയോസ്കുകളുടെ വിതരണം, ഫിഷ് പ്രോസസിംഗ് യൂനറ്റ് സ്ഥാപിക്കൽ, ഇസ്കൂട്ടറുകളുടെ വിതരണം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കും.




# കോട്ടയം രാജ്യാന്തര ചലച്ചിത്രമേള മാർച്ച് 14 മുതൽ ; സ്വാഗത സംഘം രൂപീകരിച്ചു

**കോട്ടയം:** ഫിലിം സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരളചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടെ നടത്തുന്ന കോട്ടയം രാജ്യാന്തര ചലച്ചിത്രമേള മാർച്ച് 14 ന് ആരംഭിക്കും. മാർച്ച് 18 വരെ കോട്ടയം അനശ്വര തിയേറ്ററിലാണ് മേള. ചലച്ചിത്ര മേളയുടെ സംഘാടനത്തിനായി

സഹകരണ ദേവസ്വം തുറമുഖം വകുപ്പ് മന്ത്രി വി.എൻ. വാസവനും ഫിഷറീസ് സാംസ്കാരിക യുവജന കാര്യ മന്ത്രി സജി ചെറിയാനും മുഖ്യ രക്ഷാധികാരികളായി സ്വാഗത സംഘവും രൂപീകരിച്ചു.

മാർച്ച് അഞ്ചിന് ഡെലിഗേറ്റ് സെല്ലിന്റെ ഉദ്ഘാടനം കോട്ടയം പ്രസ് ക്ലബ് ഹാളിൽ വെച്ച് നടക്കും. അന്നുമുതൽ അനശ്വര തിയറ്റർ വഴിയും ഓൺലൈനായും ഡെലിഗേറ്റ് ഫോമുകൾ വിതരണം ചെയ്യും. മുതിർന്നവർക്ക് 500 രൂപയും വിദ്യാർഥികൾക്ക് 300 രൂപയും ആണ് ഡെലിഗേറ്റ് പാസ് നിരക്ക്.

അഞ്ചു ദിവസങ്ങളിലായി നടക്കുന്ന മേളയിൽ 25 സിനിമകൾ പ്രദർശിപ്പിക്കും.

കോട്ടയം സി.എം.എസ്. കോളജ് ഗ്രേറ്റ് ഹാളിൽ നടന്ന സ്വാഗതസംഘരൂപീകരണ യോഗം നിർമ്മാതാവ് ജോയ് തോമസ് ഉദ്ഘാടനം ചെയ്തു. സംവിധായകൻ ജയരാജ് അധ്യക്ഷത വഹിച്ചു. സംവിധായകരായ പ്രദീപ് നായർ, ജോഷി മാത്യു, നടൻ ഹരിലാൽ, നഗരസഭാംഗം ടി. എൻ. മനോജ്,തേക്കിൻകാട് ജോസഫ്, വി. ജയകുമാർ, പ്രൊഫ ജോജി ജോൺ പണിക്കർ എന്നിവർ സംസാരിച്ചു.

സ്വാഗതസംഘം ഭാരവാഹികൾ : സഹകരണ ദേവസ്വം തുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ, ഫിഷറീസ് സാംസ്കാരിക യുവജനകാര്യ മന്ത്രി സജി ചെറിയാൻ(മുഖ്യ രക്ഷാധികാരികൾ), സർക്കാർ ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് , ചെയർമാൻ പ്രേംകുമാർ (സഹ രക്ഷാധികാരികൾ), കേരള ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ് (എക്സിക്യൂട്ടീവ് ഡയറക്ടർ), ജയരാജ് ( ഓർഗനൈസിങ് കമ്മിറ്റി ചെയർമാൻ),പ്രദീപ് നായർ (ജനറൽ കൺവീനർ), സജി കോട്ടയം (കോ ഓർഡിനേറ്റർ), വിനോദ് ഇല്ലംപള്ളി , നിഖിൽ എസ്. പ്രവീൺ (കൺവീനർമാർ), രാഹുൽ രാജ്, ഡി. ജയദേവ്, അനീഷ്കുമാർ ( ജോ.കൺവീനർമാർ).

# മരട് നഗരസഭയിൽ അക്ഷയപാത്രം പദ്ധതിക്ക് തുടക്കമായി

**കൊച്ചി:** മരട് നഗരസഭയിൽ അക്ഷയപാത്രം പദ്ധതിക്ക് തുടക്കമായി.നഗരസഭാ ചെയർമാൻ ആന്റണി ആശാംപറമ്പിൽ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

നഗരസഭയിലെ വളന്തക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ ഉൾപ്പെട്ട ക്ഷയരോഗികൾക്കായുള്ള പോഷകാഹാരക്കിറ്റ് വിതരണ പദ്ധതിയാണ് അക്ഷയപാത്രം.നഗരസഭാ പ്രദേശത്ത് നിലവിലുള്ള ക്ഷയ രോഗികൾക്ക് മരുന്നിനോടൊപ്പം പോഷകപ്രദമായ ആഹാരവും നൽകി രോഗം പൂർണ്ണമായും മാറ്റി രോഗികളുടെ എണ്ണത്തിൽ കുറവു വരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് നഗരസഭാ ചെയർമാൻ പറഞ്ഞു.

മെഡിക്കൽ ഓഫീസർ ഡോ. എസ് സൗമ്യ കിറ്റുകൾ ഏറ്റുവാങ്ങി. വൈസ് ചെയർ പേഴ്സൺ അഡ്വ.രശ്മി സനിൽ അധ്യക്ഷയായി. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ റിയാസ് കെ. മുഹമ്മദ്, റിനി തോമസ്, ബേബി പോൾ, ബിനോയ് ജോസഫ്,കൗൺസിലർമാരായ പി.ഡി.രാജേഷ്,മിനി ഷാജി, സി.വി സന്തോഷ്, എ.ജെ. തോമസ്, ജയ ജോസഫ്, മോളി ഡെന്നി , ഷീജ സാൻകുമാർ പത്മപ്രിയ വിനോദ് ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരായ

സതീഷ്കുമാർ, എസ്. ജിതിൻ കൃഷ്ണ, ഐ രേഖ, അർച്ചന വേണു, പ്രീതി പ്രകാശ്, എം ജിജി എന്നിവർ പങ്കെടുത്തു.

## വ്യാവസായിക ട്രൈബ്യൂണൽ സിറ്റിംഗ്

**കൊല്ലം:** വ്യാവസായിക ട്രൈബ്യൂണൽ സുനിത വിമൽ മാർച്ച് 10, 17, 24 തീയതികളിൽ കോട്ടയത്തും 5, 12, 19, 26 തീയതികളിൽ പുനലൂരിലും 15, 12, 29 തീയതികളിൽ പീരുമേടും 25 -ാം തീയതി തൊടുപുഴയിലും മറ്റു പ്രവൃത്തിദിനങ്ങളിൽ ആസ്ഥാനത്തും തൊഴിൽ തർക്ക കേസുകളും എംപ്ലോയീസ് ഇൻഷുറൻസ് കേസുകളും എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ നടത്തും.

# സ്നേഹവും സമാധാനവും കൈവരിക്കാൻ നോമ്പ് ഇടവരുത്തണം: കാതോലിക്കാബാവ

**കോട്ടയം :** സത്യ അനുതാപത്തിന്റെ കാലമാണ് വലിയ നോമ്പെന്ന് മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ. നോമ്പിലേക്കുള്ള ഒരുക്കമാണ് ശുബ്കോനോ ശുശ്രൂഷ. ശുബ്കോനോ എന്നാൽ ക്ഷമ എന്നാണ് അർത്ഥം. വലിയ നോമ്പിന്റെ പരിപാവന ദിനങ്ങളിൽ ക്ഷമിക്കാനും, മറക്കാനും കഴിയണം. പരസ്പരം ക്ഷമിച്ച് സ്നേഹവും, സമാധാനവും കൈവരിക്കണം. നാം ആരോട് ക്ഷമിക്കുന്നുവോ അവരുടെ നന്മക്ക് വേണ്ടി പ്രാർത്ഥിക്കണം. സ്വാർത്ഥതയും, അഹങ്കാര മനസുമാണ് ക്ഷമിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നത്. ആ ചിന്താഗതി മാറ്റി നമ്മെ ഉപദ്രവിച്ചവർക്ക് വേണ്ടിയും പ്രാർത്ഥിക്കാൻ കഴിയണമെന്ന് കാതോലിക്കാബാവാ പറഞ്ഞു.



സഭയുടെ ആസ്ഥാനമായ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ നടന്ന ശുബ്കോനോ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ച് സംസാരിക്കുകയായിരുന്നു ബാവാ. മലങ്കര മൽപ്പാൻ ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ്കോർ എപ്പിസ്ക്കോപ്പാ, അരമന മാനേജർ യാക്കോബ് തോമസ് റമ്പാൻ, മുൻ വൈദിക ട്രസ്റ്റി ഫാ.ഡോ.എം.ഒ ജോൺ തുടങ്ങിയവർ സംബന്ധിച്ചു.



# കതിർമണി പദ്ധതിയിൽ 1000 ഹെക്ടറിലേക്ക് നെൽകൃഷി വ്യാപിപ്പിക്കും

**കൊല്ലം:** ജില്ലാ പഞ്ചായത്തിന്റെ കതിർമണി പദ്ധതി പ്രകാരം 1000 ഹെക്ടറിലേക്ക് നെൽകൃഷി വ്യാപിപ്പിക്കുമെന്ന് പ്രസിഡന്റ് ഡോ. പി.കെ ഗോപൻ. പ്രോജക്ട് പ്രകാരം നെൽകൃഷി ചെയ്ത ഏലകളിലെ കൊയ്ത്ത് ഉൽസവം നിർവ്വഹിക്കുകയായിരുന്നു. തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ തട്ടാർകോണം, ചെറിയേല ഏലകളിലായുള്ള 125 ഏക്കർ നെൽകൃഷിയുടെ കൊയ്ത്ത് ഉൽസവമാണ് നടത്തിയത്.

ഈ സാമ്പത്തിക വർഷം 250 ഹെക്ടറിലേക്കുള്ള നെൽകൃഷിക്കാണ് പ്രോജക്ട് വകയിരുത്തിയത്. താങ്ങ് വില യഥാസമയം നൽകുന്നു എന്നതാണ് കതിർമണി പദ്ധതിയിൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് പ്രചോദനമാകുന്നത്. തനത് ഫണ്ടാണ് നെല്ല് സംഭരണത്തിനായി ജില്ലാ പഞ്ചായത്ത് വകയിരുത്തിയിട്ടുള്ളത്. 202526 വാർഷിക പദ്ധതിയിൽ പുതുതായി 750 ഹെക്ടർ സ്ഥലത്തേക്ക് കൂടി നെൽകൃഷി വ്യാപനം നടത്തുന്നതിനായിട്ടുള്ള പ്രോജക്ട് ഏറ്റെടുക്കുമെന്നും പ്രസിഡന്റ് പറഞ്ഞു.

മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി. യശോദ അദ്ധ്യക്ഷത വഹിച്ചു. തട്ടാർകോണം പാടശേഖര സമിതി പ്രസിഡന്റ് കെ. അജിത് കുമാർ, പ പ്രതിനിധി ബി.എസ് സനോജ്, ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജെ. നജീബത്ത് ഗ്രാമപഞ്ചായത്തംഗങ്ങളായ ടി. വിലാസിനി, സീതാ ഗോപാൽ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, എസ്. രാജേഷ് കുമാർ,കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ആശ ശങ്കർ, കൃഷി ഓഫീസർ എൽസോ രമ്യാ രാജൻ, തട്ടാർകോണം ക്ഷീരസംഘം പ്രസിഡന്റ്, റ്റി.റ്റി ഉഷസ് തുടങ്ങിയവർ പങ്കെടുത്തു.

# പി.എസ്.സി മ്യൂസിയത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു

**തിരുവനന്തപുരം:** രാജ്യത്തെ ഏറ്റവും മികച്ച് പബ്ലിക് സർവീസ് കമ്മീഷനാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കഴിഞ്ഞ എട്ടര വർഷത്തിനുള്ളിൽ രണ്ടേമുക്കാൽ ലക്ഷത്തോളം നിയമനങ്ങൾ പി.എസ്.സി നടത്തിയിട്ടുണ്ടെന്നും ഇത് രാജ്യത്തിന്റെയാകെ ശ്രദ്ധയാകർഷിച്ച കാര്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരള പബ്ലിക് സർവീസ് കമ്മീഷൻ മ്യൂസിയത്തിന്റെ ഉദ്ഘാടനവും പി.എസ്.സിയുടെ ആസ്ഥാനവും മൂന്ന് മേഖലാ ഓഫീസുകളും 14 ജില്ലാ ഓഫീസുകളും ഹരിത ഓഫീസുകളാകുന്നതിന്റെ പ്രഖ്യാപനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കേരളപ്പിറവിക്ക് മുൻപുള്ള മദിരാശി പ്രവിശ്യയിലേയും കൊച്ചി, തിരുവിതാംകൂർ നാട്ടുരാജ്യങ്ങളിലെയും ഉദ്യോഗസ്ഥ നിയമനരീതികളും കേരളപ്പിറവിക്ക് ശേഷമുള്ള കേരള പി.എസ്.സിയുടെ റിക്രൂട്ട്മെന്റ് നടപടിക്രമങ്ങളും പരിചയപ്പെടുത്തുന്ന അപൂർവ രേഖകളാണ് പി.എസ്.സി മ്യൂസിയത്തിന്റെ പ്രത്യേകത. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ കേരളാ പി.എസ്.സിക്ക് സമ്മാനിച്ച ഇന്ത്യൻ ഭരണഘടനയുടെ ആധികാരിക പതിപ്പും തിരുകൊച്ചി സംസ്ഥാനത്തെ മുഖ്യമന്ത്രിയായിരുന്ന സി കേശവൻ ആദ്യ പബ്ലിക് സർവീസ് കമ്മീഷണറായ ഡോ. ജെ ഡി നോക്സിന് നൽകിയ കത്തും അടക്കം അപൂർവങ്ങളായ രേഖകൾ മ്യൂസിയത്തിലുണ്ട്. തിരുവനന്തപുരം പി.എസ്.സി ആസ്ഥാനത്ത് പട്ടം തുളസിഹിൽ ബംഗ്ലാവിലാണ് മ്യൂസിയം സജ്ജമാക്കിയിരിക്കുന്നത്. റഫറൻസ് ലൈബ്രറിയും റീഡിംഗ് റൂമും ഈ മന്ദിരത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഡൽഹിയിലെ യൂണിയൻ പബ്ലിക് സർവീസ് കമീഷൻ ആസ്ഥാനത്ത് മാത്രമാണ് നിലവിൽ പി.എസ്.സി. മ്യൂസിയമുള്ളത്. സംസ്ഥാന പി.എസ്.സികളിലെ ആദ്യ മ്യൂസിയമാണ് കേരളത്തിൽ നിലവിൽ വന്നത്. സർക്കാർ സർവീസുകളിലേക്കുള്ള നിയമനങ്ങൾ വെട്ടിച്ചുരുക്കുകയും നിയമന നിരോധനം നടപ്പിലാക്കുകയും ചെയ്യണമെന്നുള്ള മുറവിളികൾ പല കോണുകളിൽ നിന്നും ഉയരുന്ന കാലഘട്ടത്തിലാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ മാതൃകയായി മാറിയിരിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. നമ്മുടെ പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ പഠിക്കാനും പ്രയോഗത്തിൽ കൊണ്ടുവരാനും മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള പി.എസ്.സി പഠനസംഘങ്ങൾ ഇവിടെ എത്തുന്നത് തന്നെ ഈ മാതൃകാപരമായ പ്രവർത്തനത്തിന്റെ ദൃഷ്ടാന്തമാണ്.

# ബയോഎത്തിക്സ് എം.എസ്.സി പ്രോഗ്രാമിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) പ്രൊഫസർ. എൻ. ആർ. മാധവ മേനോൻ ഇന്റർഡിസിപ്ലിനറി സെന്റർ ഫോർ റിസർച്ച് എത്തിക്സ് ആൻഡ് പ്രോട്ടോക്കോൾസിലെ (ഐസിആർഇപി) ബയോഎത്തിക്സ് എം.എസ്.സി. പ്രോഗ്രാമിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

താൽപര്യമുള്ള ബിരുദധാരികൾക്ക് കുസാറ്റ് കോമൺ അഡ്മിഷൻ ടെസ്റ്റിന് 2025 ന് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക. +91 8078019688 എന്ന നമ്പറിൽ ബന്ധപ്പെടുക.

# പുസ്തക പ്രകാശനവും പാനൽ ചർച്ചയും ഇന്ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സെൻറർ ഫോർ ദ സ്റ്റഡി ഓഫ് സോഷ്യൽ ഇൻക്ലൂഷൻ (സിഎസ്എസ്ഐ) ആഭിമുഖ്യത്തിൽ മാർച്ച് 4ന് പുസ്തക പ്രകാശനവും പാനൽ ചർച്ചയും സംഘടിപ്പിക്കുന്നു.

കുസാറ്റ് സ്കൂൾ ഓഫ് മാനേജ്മെൻറ് സ്റ്റഡീസിലെ ഹാൾ ഓഫ് ഫെയിമിൽ വെച്ച് ഉച്ചയ്ക്ക് 2 മണിക്ക് നടക്കുന്ന ചടങ്ങിന് സെൻറർ ഫോർ ദ സ്റ്റഡി ഓഫ് സോഷ്യൽ ഇൻക്ലൂഷൻ ഡയറക്ടർ ഡോ പി ആർ സുരേഷ് സ്വാഗതം ആശംസിക്കും. ചടങ്ങിൽ സർവകലാശാല വൈസ് ചാൻസലർ പ്രൊഫസർ ഡോ ജുനൈദ് ബുഷിരി .'ഡയമെൻഷൻ ആൻറ് ഫാസെറ്റ്സ് ഓഫ് സ്റ്റുഡൻറ് ആൻറ് റിവേഴ്സ് മൈഗ്രേഷൻ: എ പോസ്റ്റ്കോവിഡ് അനാലിസിസ്' എന്ന പുസ്തക പ്രകാശനവും ഉദ്ഘാടനവും നിർവഹിക്കും. കുസാറ്റിലെ സെൻറർ ഫോർ ദ സ്റ്റഡി ഓഫ് സോഷ്യൽ ഇൻക്ലൂഷനും (സിഎസ്എസ്ഐ) ബ്ലൂംസ്ബെറി പബ്ലിഷിംഗും ചേർന്നാണ് പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

കുസാറ്റിലെ അപ്ലൈഡ് ഇക്കണോമിക്സ് വകുപ്പിൻറെ നേതൃത്വത്തിൽ 'ദേശീയ വിദ്യാഭ്യാസ നയം 2020: ഇൻക്ലൂസീവ് ആൻറ് ഇക്വിറ്റി പേർസ്പെക്റ്റീവ്സ്' എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിക്കും.

എറണാകുളം മഹാരാജാസ് കോളേജിലെ മുൻ ഇക്കണോമിക്സ് പ്രൊഫസർ ഡോ. മാർട്ടിൻ പാട്രിക്, കുസാറ്റ്, ബോട്സ്വാന സർവകലാശാലകളിലെ മുൻ ഇക്കണോമിക്സ് പ്രൊഫസർ ഡോ. എം. കെ. സുകുമാരൻ നായർ, ഉന്നത വിദ്യാഭ്യാസ വകുപ്പ്, വിദ്യാഭ്യാസ മന്ത്രാലയം മുൻ ഒഎസ്ഡി (എൻഇപി), ഡോ. ഷകീല ഷംസു, പന്തളം എൻഎസ്എസ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ, രഞ്ജിത് എൻ. ആർ എന്നിവർ ചർച്ചയിൽ പങ്കെടുക്കും.

# ബഹിരാകാശമേഖലയിലെ മുന്നേറ്റത്തിന് കെസ്പേസ് ധാരണാപത്രം ഒപ്പിട്ടു


**തിരുവനന്തപുരം:** കേരളത്തിനുള്ളിൽ ബഹിരാകാശ സാങ്കേതികവിദ്യ, പ്രതിരോധം തുടങ്ങി മറ്റു അനുബന്ധ മേഖലകളിലും വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സ്പേസ്പാർക്കും (കെസ്പേസ്) അനന്ത് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡും (എടിഎൽ) ധാരണയായി. സ്പേസ്പാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജി ലെവിനും എടിഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. സുബ്ബറാവോ പാവുലുരിയും ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പുവച്ചു. ദേശീയഅന്തർദേശീയ ബഹിരാകാശ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്ന വ്യാവസായിക ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിൽ സഹകരണം വഴിത്തിരിവാകും.

കെസ്പേസിനുള്ള സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ, ഉപദേശക പിന്തുണ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവയിൽ എടിഎൽ സഹായം നൽകും. സംയുക്ത സംരംഭങ്ങൾ, സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ്, വ്യവസായ കൂട്ടായ്മകൾ എന്നിവയിലൂടെ സഹകരണത്തിനുള്ള വഴികൾ ഇരുകക്ഷികളും തേടും.

# കാൻസർ നിർണ്ണയ ക്യാമ്പും ബോധവത്കരണ ക്ലാസും സംഘടിപ്പിച്ചു

**ആലപ്പുഴ:** സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പാക്കുന്ന 'ആരോഗ്യം ആനന്ദം; അകറ്റാം അർബുദം' കാൻസർ പ്രതിരോധ ജനകീയ കാമ്പയിനിന്റെ ഭാഗമായി ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ കാൻസർ നിർണ്ണയ ക്യാമ്പും ബോധവത്കരണ ക്ലാസ്സും സംഘടിപ്പിച്ചു. താമരക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച ക്യാമ്പ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജി പുരുഷോത്തമൻ ഉദ്ഘാടനം ചെയ്തു. ജീവിതശൈലി രോഗ നിർണയ പരിശോധനയും കാമ്പയിന്റെ ഭാഗമായി നടത്തി. താമരക്കുളം കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. വരുൺ ക്യാമ്പിന് നേതൃത്വം നൽകി. ഗൈനക്കോളജി ഡോക്ടർ ഡോ. ഷെറീന ക്ലാസുകൾ നയിച്ചു. 30 വയസിന് മുകളിൽ പ്രായമുള്ള സ്ത്രീകളിലെ ഗർഭാശയഗള കാൻസർ, സ്തനാർബുദം എന്നിവയുടെ രോഗനിർണയവും, ചികിത്സ ഉറപ്പാക്കലുമാണ് കാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. ഫെബ്രുവരി നാലിന് ആരംഭിച്ച കാമ്പയിൻ മാർച്ച് എട്ടിന് അവസാനിക്കും. ചടങ്ങിൽ ബി.ഡി.ഒ. സി വി അജയകുമാർ അധ്യക്ഷനായി. പഞ്ചായത്തംഗങ്ങളായ സിനുഖാൻ, കെ സുമ, ആർ സുജ, ശാന്തി, എം ശ്യാമളാദേവി, പ്രസന്ന, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, ആശാ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

# കാട്ടാളൻ






ക്യൂബ്സ് എന്റർടൈൻമെന്റ്സിന്റെ ബാനറിൽ ഷെരീഫ് മുഹമ്മദ് നിർമ്മിക്കുന്ന പുതിയ ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്ത്. ആന്റണി വർഗീസ് പെപ്പെ നായകനാകുന്നു. താഴെ വീണു കിടക്കുന്ന മൃത്യുദേഹങ്ങൾക്കും ആനകൊമ്പുകൾക്കും ഇടയിൽ മഴുവുമേന്തി നിൽക്കുന്ന പെപ്പെയെയാണ് ഫസ്റ്റ് ലുക്ക് പോസ്റ്ററിൽ കാണാൻ കഴിയുന്നത്. പോൾ ജോർജ് ആണ് ചിത്രം സംവിധാനം ചെയ്യുന്നത്.

മാർക്കോ എന്ന പാൻ ഇന്ത്യൻ ചിത്രത്തിന്റേത് പോലെ തന്നെ 'കാട്ടാളൻ' ഫസ്റ്റ് ലുക്ക് പോസ്റ്റർ വളരെ മികച്ച പോസ്റ്റർ ക്വാളിറ്റി തന്നെയാണ് സമ്മാനിക്കുന്നത്. ക്യൂബ്സ് എന്റർടൈൻമെന്റ്സ് രണ്ടാം സിനിമയിലേക്ക് കടക്കുമ്പോഴും ഏറെ പ്രതീക്ഷ സമ്മാനിക്കുന്നുണ്ട്. പോസ്റ്റർ ഫോണ്ടിന്റെ ഡിസൈനും ഏറെ മികച്ചു നിൽക്കുന്ന ഒന്ന് തന്നെയാണ്. തോക്കും, ആണകൊമ്പും ഒക്കെ ഒളിപ്പിച്ച ടൈറ്റിൽ ഫോണ്ട് സിനിമാ പ്രേമികൾക്ക് ഡീക്കോഡ് ചെയ്യാൻ ഒരുപാട് കാര്യങ്ങൾ ഉൾകൊള്ളിക്കുന്നുണ്ട്.ജയ്‌ലർ, ലിയോ, ജവാൻ, കൂലി തുടങ്ങിയ സിനിമകളുടെ ടൈറ്റിൽ ഡിസൈൻ ചെയ്ത ഐഡന്റ് ലാബ്സ് ടീം ആണ് കാട്ടാളന്റെ ടൈറ്റലിനും പുറകിൽ.

കന്നി ചിത്രം കൊണ്ട് തന്നെ കോൺടണ്ട് ഡെലിവറിയുടെയും മാർക്കറ്റിംഗിന്റെയും കാര്യത്തിൽ ബെഞ്ച് മാർക്ക് സൃഷ്ടിച്ച ക്യൂബ്സ് എന്റർടൈൻമെന്റും ഇടി പടങ്ങളിലൂടെ ഒരുപാട് ആരാധകരെ സ്വന്തമാക്കിയ പെപ്പെയും ഒന്നിക്കുമ്പോൾ നല്ലൊരു പാൻ ഇന്ത്യൻ സിനിമ തന്നെ നമുക്ക് പ്രതീക്ഷിക്കാം. ചിത്രത്തിലെ മറ്റു കാസ്റ്റിംഗ് വിവരങ്ങളും അണിയറ പ്രവർത്തകരുടെ പേരുകളും വരും ദിവസങ്ങളിൽ പുറത്തു വരും. വാർത്താ പ്രചരണം വൈശാഖ് വടക്കേവീട്, ജിനു അനിൽകുമാർ.






# ബേസിലും കൂട്ടരുടെയും മരണമാസ്സ് എത്തുന്നു

ബേസിൽ ജോസഫ് പ്രധാന വേഷത്തിലെത്തുന്ന 'മരണമാസ്സ്' വിഷു റിലീസായി പ്രേക്ഷകർക്ക് മുന്നിലെത്തും. ചിത്രത്തിന്റെ പുതിയ പോസ്റ്റർ ഇപ്പോൾ പുറത്തു വന്നിട്ടുണ്ട്. നവാഗതനായ ശിവപ്രസാദ് സംവിധാനം ചെയ്യുന്ന ചിത്രം നിർമ്മിക്കുന്നത് ടോവിനോ തോമസ് പ്രൊഡക്ഷൻസ്, റാഫേൽ പ്രോജെക്ടസ്, വേൾഡ് വൈഡ് ഫിലിംസ് എന്നിവയുടെ ബാനറുകളിൽ ടോവിനോ തോമസ്, റാഫേൽ പൊഴോലിപറമ്പിൽ, ടിങ്സ്റ്റൺ തോമസ്, തൻസീർ സലാം എന്നിവർ ചേർന്നാണ്. ആദ്യാവസാനം നർമ്മത്തിന് പ്രാധാന്യം നൽകിയാണ് ഈ ചിത്രം ഒരുക്കുന്നത്. നടൻ സിജു സണ്ണി കഥ രചിച്ച ചിത്രത്തിന്റെ തിരക്കഥയും സംഭാഷണവും രചിച്ചിരിക്കുന്നത് സിജു സണ്ണിയും സംവിധായകൻ ശിവപ്രസാദും ചേർന്നാണ്.

ബേസിൽ ജോസഫിനൊപ്പം രാജേഷ് മാധവൻ, സിജു സണ്ണി, പുളിയനം പൗലോസ്, സുരേഷ് കൃഷ്ണ, ബാബു ആന്റണി, അനിഷ്മ അനിൽകുമാർ എന്നിവരാണ് മറ്റു പ്രധാന കഥാപാത്രങ്ങൾക്ക് ജീവൻ പകരുന്നത്. വ്യത്യസ്തമായ ഗെറ്റ്അപിൽ ബേസിൽ ജോസഫ് എത്തുന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ ഏറെ ശ്രദ്ധേയമായിരുന്നു. ഇൻസ്റ്റാഗ്രാം കമെന്റുകളിലൂടെ അണിയറ പ്രവർത്തകരും താരങ്ങളും ചിത്രത്തിന്റെ മൂഡ് പ്രേക്ഷകരിലേക്ക് എത്തിക്കുന്ന രീതി സരസമായിരുന്നു. രസകരവും സ്റ്റൈലിഷുമായ ലുക്കിലാണ് ഈ ചിത്രത്തിൽ ബേസിൽ ജോസഫ് പ്രത്യക്ഷപ്പെടുന്നത്. ഗോകുൽനാഥ് ജി എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ആയ ഈ ചിത്രത്തിന്റെ ഛായാഗ്രഹണം നീരജ് രവി, സംഗീതം ജയ് ഉണ്ണിത്താൻ, എഡിറ്റിംഗ് ചമൻ ചാക്കോ, വരികൾ വിനായക് ശശികുമാർ, പ്രൊഡക്ഷൻ ഡിസൈൻ മാനവ് സുരേഷ്, വസ്ത്രാലങ്കാരം മഷർ ഹംസ, മേക്കപ്പ് ആർ ജി വയനാടൻ, സൗണ്ട് ഡിസൈൻ ആൻഡ് മിക്സിങ് വിഷ്ണു ഗോവിന്ദ്, വിഎഫ്എക്സ് എഗ്ഗ് വൈറ്റ് വിഎഫ്എക്സ്, ഡിഐ ജോയ്നർ തോമസ്, പ്രൊഡക്ഷൻ കൺട്രോളർ എൽദോ സെൽവരാജ്, സംഘട്ടനം കലൈ കിങ്സൺ, കോ ഡയറക്ടർ ബിനു നാരായൺ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ ഉമേഷ് രാധാകൃഷ്ണൻ, സ്റ്റിൽസ് ഹരികൃഷ്ണൻ, ഡിസൈൻസ് സർക്കാസനം, ഡിസ്ട്രിബ്യൂഷൻ ടോവിനോ തോമസ് പ്രൊഡക്ഷൻസ്, ഐക്കൺ സിനിമാസ്. പിആർഒ വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ.







# ഹലോ മമ്മി ആമസോൺ പ്രൈമിൽ

ഒരുപാട് നാളുകൾക്ക് ശേഷം മലയാളത്തിൽ ഇറങ്ങിയ ഒരു ഹൊറർ കോമഡി എന്റർടെയ്നർ ആണ് 'ഹലോ മമ്മി'. വൈശാഖ് എലൻസിന്റെ സംവിധാനത്തിൽ ഷറഫുദ്ദീനും ഐശ്വര്യ ലക്ഷ്മിയും കേന്ദ്ര കഥാപാത്രങ്ങളായെത്തിയ ഒടിടിയിലെത്തിയിരിക്കുകയാണ്. ആമസോൺ പ്രൈം വീഡിയോയിലാണ് ചിത്രം സ്ട്രീം ചെയ്യുന്നത്. നവംബറിൽ തിയറ്റർ റിലീസ് ചെയ്ത ചിത്രം ഏകദേശം 3 മാസത്തിന് ശേഷമാണ് ഒടിടിയിലെത്തുന്നത്. മികച്ച അഭിപ്രായങ്ങൾ കരസ്ഥമാക്കി ബോക്സ് ഓഫീസ് ഹിറ്റ് ചാർട്ടിൽ ഇടം നേടിയ ഹലോ മമ്മി 18 കോടിയിലധികം കളക്ഷൻ നേടിയിരുന്നു. വമ്പൻ റിലീസുകൾക്കിടയിലും 'ഹലോ മമ്മി' തിയറ്റർ ലോങ്ങ് റൺ നേടി അമ്പതാം ദിവസത്തിലധികം പ്രദർശിപ്പിച്ചു.

സാഞ്ചോ ജോസഫാണ് ഹലോ മമ്മിയുടെ കഥ, തിരക്കഥ, സംഭാഷണം എന്നിവ നിർവഹിച്ചത്. ജോമിൻ മാത്യു, ഐബിൻ തോമസ്, രാഹുൽ ഇ. എസ് എന്നിവർ ചേർന്ന് നിർമ്മാണം വഹിച്ച ചിത്രം ഹാങ്ങ് ഓവർ ഫിലിംസും എ ആൻഡ് എച്ച് എസ് പ്രൊഡക്ഷനും ചേർന്നാണ് നിർമ്മിച്ചത്. സജിൻ അലി, നിസാർ ബാബു, ദിപൻ പട്ടേൽ എന്നിവരാണ് സഹനിർമ്മാതാക്കൾ.

സണ്ണി ഹിന്ദുജ, അജു വർഗീസ്, ജഗദീഷ്, ജോണി ആന്റണി, ജോമോൻ ജ്യോതിർ, ബിന്ദു പണിക്കർ, അദ്രി ജോ, ശ്രുതി സുരേഷ്, ഗംഗാ മീരാ തുടങ്ങിയവർ സുപ്രധാന വേഷങ്ങളിലെത്തിയത്. ജേക്സ് ബിജോയ് ഒരുക്കിയ ചിത്രത്തിലെ ഗാനങ്ങളും ഹിറ്റായിരുന്നു.

ഛായാഗ്രഹണം: പ്രവീൺ കുമാർ, ചിത്രസംയോജനം: ചമൻ ചാക്കോ, ഗാനരചന: മു. രി, സുഹൈൽ കോയ, സൗണ്ട് ഡിസൈൻ: സിങ്ക് സിനിമ, ക്രിയേറ്റിവ് ഡയറക്റ്റർ: രാഹുൽ ഇ എസ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: ബിജേഷ് താമി, പ്രൊഡക്ഷൻ കൺട്രോളർ: പ്രശാന്ത് നാരായണൻ, വസ്ത്രാലങ്കാരം: സമീറാ സനീഷ്, മേക്കപ്പ്: റോണക്സ് സേവ്യർ, പ്രൊഡക്ഷൻ ഡിസൈൻ: സാബു മോഹൻ, ചീഫ് അസ്സോസിയേറ്റ്: വിശാഖ് ആർ വാരിയർ, വി എഫ് എക്സ്: പിക്റ്റോറിയൽ എഫ്എക്സ്, സംഘട്ടനം: കലൈ കിങ്സൺ, പി സി സ്റ്റണ്ട്സ്, കൊറിയോഗ്രാഫി: ഷെരീഫ്, സ്റ്റിൽസ്: അമൽ സി സദർ, ഡിസൈൻ: ടെൻ പോയിന്റ്, കളറിസ്റ്റ്: ഷണ്മുഖ പാണ്ഡ്യൻ എം, പി ആർ & മാർക്കറ്റിങ് സ്ട്രാറ്റജിസ്റ്റ്സ്: വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ.

സൊസൈറ്റി ടുഡേ
SOCIETY TODAY

## തെങ്ങിൻ തൈകൾ വിൽപനയ്ക്ക്

**കൊച്ചി:** നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ കുറ്റ്യാടി തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും, സങ്കര ഇനം തെങ്ങിൻ തൈകൾ 250 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർക്കും, കൃഷി ഓഫീസർമാർക്കും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കുറഞ്ഞത് പത്ത് തൈകൾ വാങ്ങുന്ന കർഷകർക്ക് നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന തെങ്ങ് പുതുകൃഷി പദ്ധതിയിൻ കീഴിൽ സബ്സിഡിയും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 മണി വരെ 0485 2554240 എന്ന നമ്പറിൽ ബന്ധപ്പെടുക.

## അമൃത ആശുപത്രിയിൽ സൗജന്യ കേൾവി പരിശോധന ക്യാമ്പ്

**കൊച്ചി :** ലോക കേൾവി ദിനത്തോടനുബന്ധിച്ച് കൊച്ചി അമൃത ആശുപത്രിയിൽ സൗജന്യ കേൾവി പരിശോധനാ ക്യാമ്പ് സംഘടിപ്പിക്കുന്നു. മാർച്ച് നാലിന് രാവിലെ 10 മണി മുതൽ ഉച്ചക്ക് 3 മണി വരെ അമൃത ആശുപത്രിയിലെ ഇ ബ്ലോക്ക് ഒന്നാം നിലയിൽ വെച്ചാണ് ക്യാമ്പ്. അമൃത ആശുപത്രിയിലെ ഇ എൻ ടി വിഭാഗവും, സ്പീച്ച് പാത്തോളജി & ഓഡിയോളജി എന്നീ ഡിപ്പാർട്മെന്റുകളും സംയുക്തമായാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് ആശുപത്രിയിൽ നേരിട്ട് എത്തി ക്യാമ്പിൽ കേൾവി പരിശോധന നടത്താവുന്നതാണെന്ന് അധികൃതർ അറിയിച്ചു.



**കാലടി സർവകലാശാലയിൽ ജ്ഞാതൃലക്ഷണവിമർശം എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയസംവാദ സദസ്സ് ഇന്ത്യൻ കൗൺസിൽ ഫോർ ഫിലോസഫിക്കൽ റിസർച്ച് മെമ്പർ സെക്രട്ടറി പ്രൊഫ. സച്ചിദാനന്ദ മിശ്ര ഉദ്ഘാടനം ചെയ്യുന്നു. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി, പ്രൊഫ. ശ്രീകല എം. നായർ, ഡോ. പി സി മുരളിമാധവൻ എന്നിവർ സമീപം.**

## സംസ്കൃതസർവ്വകലാശാലയിൽ ജ്ഞാതൃലക്ഷണവിമർശം ദ്വിദിന ദേശീയസംവാദം

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ജ്ഞാതൃലക്ഷണവിമർശം എന്ന വിഷയത്തിൽ ദ്വിദിന ദേശീയസംവാദം ആരംഭിച്ചു. ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ച്, കേന്ദ്രീയ സംസ്കൃത സർവകലാശാല എന്നിവയുടെ സഹകരണത്തോടെ ശ്രീശങ്കരാചാര്യസംസ്കൃതസർവ്വകലാശാലയിലെ ഇന്റർനാഷണൽ സ്കൂൾ ഫോർ ശ്രീശങ്കരാചാര്യ സ്റ്റഡീസാണ് സംവാദം സംഘടിപ്പിച്ചിരിക്കുന്നത്. അദ്വൈതം, വിശിഷ്ടാദ്വൈതം, ദ്വൈതം എന്നീ ദർശനങ്ങളെ അടിസ്ഥാനമാക്കിയാണ് ജ്ഞാനശാസ്ത്രപരമായ സംവാദം നടക്കുന്നത്. ഇന്ത്യൻ കൗൺസിൽ ഫോർ ഫിലോസഫിക്കൽ റിസർച്ച് മെമ്പർ സെക്രട്ടറി പ്രൊഫ. സച്ചിദാനന്ദ മിശ്ര സംവാദസദസ്സ് ഉദ്ഘാടനം ചെയ്തു. പ്രൊഫ. അരിന്ദം ചക്രവത്തി മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അധ്യക്ഷയായിരുന്നു. ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠനകേന്ദ്രം ഡയറക്ടർ പ്രൊഫ. ശ്രീകല എം. നായർ, ഡോ. പി സി മുരളിമാധവൻ, പ്രൊഫ. സംഗമേശൻ കെ.എം. എന്നിവർ പ്രസംഗിച്ചു. പ്രൊഫ. മണി ദ്രാവിഡ് ശാസ്ത്രി, പ്രൊഫ. രാമകൃഷ്ണ ഭട്ട്, പ്രൊഫ. നാഗസമ്പിഗെ, പ്രൊഫ. കെ. ഇ. ദേവനാഥൻ, പ്രൊഫ. കെ. ഇ. മധുസൂദനൻ, പ്രൊഫ. വി. വാസുദേവൻ, ഡോ. കെ. എസ്. മഹേശ്വരൻ, ഡോ. പുഷ്കർ ദേവ പൂജാരി, ഡോ. ടി.കെ. ഹരസിംഹൻ, ഡോ. ഗുരുരാജ കുൽക്കരേ, ഡോ. ദേവനാഥ ഘനാചാര്യ, ഡോ. ഗോപാല ദേശികൻ, വാസുദേവ ആചാര്യ സത്തിഗരി, ശ്രീനിവാസആചാര്യ, കാർത്തിക് ശർമ്മ എന്നിവർ സംവാദങ്ങളിൽ പങ്കെടുത്ത് പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ഇന്ന് വൈകിട്ട് 3.30ന് നടക്കുന്ന സമാപനസമ്മേളനത്തിൽ കവികുലഗുരു കാളിദാസ സംസ്കൃത സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. ഹരേറാം ത്രിപാഠി മുഖ്യപ്രഭാഷണം നിർവഹിക്കും. പ്രൊഫ. ശ്രീകല എം. നായർ, പ്രൊഫ. ഷീബ എസ്. എന്നിവർ പ്രസംഗിക്കും.

## ശരീര സൗന്ദര്യ ചാമ്പ്യൻഷിപ്പ്

**കൊച്ചി:** അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അഖിലേന്ത്യ അന്തർ സർവ്വകലാശാല ശരീര സൗന്ദര്യ (ബെസ്റ്റ് ഫിസിക്ക്) ചാമ്പ്യൻഷിപ്പ് (പുരുഷ വിഭാഗം) ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യക്യാമ്പസിലെ ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ മാർച്ച് ഏഴ്, എട്ട്, ഒമ്പത് തീയതികളിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. സർവ്വകലാശാലയുടെ കായികപഠന വിഭാഗത്തിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പിൽ രാജ്യത്തെ മുന്നൂറോളം സർവ്വകലാശാലകളിൽ നിന്നായി ആയിരത്തിലേറെ മത്സരാർത്ഥികൾ പങ്കെടുക്കും. മത്സരത്തിൽ എട്ട് ശരീരഭാര വിഭാഗങ്ങളിലായി ആദ്യ മൂന്ന് സ്ഥാനം നേടുന്നവർക്ക് മെഡലുകളും ട്രോഫികളും സമ്മാനിക്കും.



## വേമ്പനാട്ടുകായൽ നീന്തിക്കടന്ന് സജി വാളശ്ശേരിയും ശിഷ്യന്മാർമാരും

**കൊച്ചി:** പെരിയാറിൽ 16 വർഷമായി സൗജന്യ നീന്തൽ പരിശീലനം നടത്തിവരുന്ന സജി വാളശ്ശേരിയുടെ നേതൃത്വത്തിൽ ഇത്തവണ 15 ശിഷ്യന്മാർ നീന്തി കടന്നത് വേമ്പനാട്ടുകായൽ. പെരിയാറിൽ നിരവധി റെക്കോർഡ് നീന്തൽ പ്രകടനങ്ങൾ കാഴ്ചവച്ച സജി ആശാനും ശിഷ്യന്മാരും വേമ്പനാട്ടുകായലിൽ ഇത്തവണ നീന്തിയത് 9 കിലോമീറ്റർ. കുമരകത്ത് നിന്ന് ഫെബ്രുവരി 27 ന് രാവിലെ ആറരയോടെ ആരംഭിച്ച നീന്തൽ അഞ്ചര മണിക്കൂർ കൊണ്ട് 9 കിലോമീറ്റർ നീന്തി മുഹമ്മയിൽ എത്തുകയായിരുന്നു. നീന്തലിനിടയിൽ ഒഴുക്കും, പായൽ പോളകളും നിറഞ്ഞ കായലിൽ ഒത്തിരി പ്രതിസന്ധികളെ തരണം ചെയ്താണ് ഇവർ നീന്തിയത്. പെരിയാർ പുഴ നീന്തി കടന്നവരിൽ നിന്ന് തിരഞ്ഞെടുത്ത് പ്രത്യേക പരിശീലനം നടത്തിയാണ് സജി വാളശ്ശേരിൽ പ്രിയ ശിഷ്യന്മാരെ വേമ്പനാട്ടുകായൽ നീന്തി കടക്കാൻ കൊണ്ടുപോയത്. എറണാകുളം ഫോറസ്റ്റ് ഫ് ളയിംഗ് സ്കാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മനു സത്യൻ, കിഴക്കമ്പലം സെൻറ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ സോയി കളമ്പാട്ട് അദ്ദേഹത്തിന്റെ മകനും അതേ സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥിയായ കോൾബെ സോയി,ഡെന്നി വർഗീസ് എ. എൽ, മായിൻകുട്ടി, വിജയ് സുബ്രഹ്മണ്യൻ, ഗിരീഷ് എം.എസ്, വിനോദ് ടി കെ , രാജേഷ് എ., സിബു മോൻ ടി.എം., അഷർ എം എ , മുഹമ്മദ് ഹമീദ് എച്ച്., മുഹമ്മദ് ഫാബർ , അജിത്ത് മുഹമ്മദ്, വിനു നായർ എന്നിവരാണ് നീന്തി കടന്നത്. വേമ്പനാട്ടുകായൽ നീന്തിക്കടന്ന അച്ഛനും മകനും എന്ന പ്രത്യേകതയും സോയി കളമ്പാട്ടിനും അദ്ദേഹത്തിൻറെ മകൻ കോൾബെ സോയിക്കും ഉണ്ട്.പെരിയാർ പുഴയിൽ നീന്തലിൽ നിരവധി റെക്കോർഡുകൾ സ്ഥാപിച്ചിട്ടുള്ള സജി വാളശ്ശേരിയുടെ നേതൃത്വത്തിൽ നവംബർ ഒന്നു മുതൽ മെയ് 31 വരെയുള്ള സൗജന്യ നീന്തൽ പരിശീലനം ഇപ്പോഴും തുടരുകയാണ്.

## കേരള കെയർ പാലിയേറ്റീവ് കെയർ ഗ്രിഡ് ഉദ്ഘാടനം ചെയ്തു



**തിരുവനന്തപുരം:** പാലിയേറ്റീവ് പരിചരണം ഏകോപിപ്പിക്കുന്നതിനുള്ള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ 'കേരള കെയർ'പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ ലോഞ്ച് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് എന്നിവർ സന്നിഹിതരായി.കേരളം പാലിയേറ്റീവ് പരിചരണ രംഗത്ത് നടത്തുന്ന സുപ്രധാന ഇടപെടലുകളിലൊന്നാണ് പാലിയേറ്റീവ് കെയർ ഗ്രിഡ്. പുതിയ രോഗികളെ രജിസ്റ്റർ ചെയ്ത് തുടർപരിചരണം നൽകൽ, സന്നദ്ധ പ്രവർത്തകരുടെ രജിസ്ട്രേഷനും പരിശീലനവും നൽകൽ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകൾക്ക് രജിസ്ട്രേഷൻ നൽകൽ, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ തിരഞ്ഞെടുക്കുവാനുള്ള സൗകര്യം, പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സംസ്ഥാന, ജില്ലാ, പഞ്ചായത്ത്, വാർഡ് തലങ്ങളിൽ ഡാഷ് ബോർഡ്, പൊതുജനങ്ങൾക്കുള്ള ഡാഷ് ബോർഡ് എന്നിവയാണ് പാലിയേറ്റീവ് കെയർ ഗ്രിഡിലൂടെ നിർവഹിക്കുന്നത്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ അഭിമുഖ്യത്തിലാണ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്.

ഇന്ത്യയിൽ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. ഈ സർക്കാരിന്റെ കാലത്ത് കേരളത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടന അഭിനന്ദിച്ചിരുന്നു. മാത്രവുമല്ല കേരളത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടന മാതൃകയായി അംഗീകരിച്ചിട്ടുമുണ്ട്. നവകേരളം കർമ്മ പദ്ധതി രണ്ട് ആർദ്രം മിഷനിലെ പത്ത് പ്രധാന പ്രവർത്തന മേഖലകളിലൊന്നാണ് പാലിയേറ്റീവ് കെയർ. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ പ്രകാരമാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചത്. കിടപ്പിലായ ഓരോ രോഗിയുടെയും സമീപ പ്രദേശത്ത് പരിശീലനം ലഭിച്ച ഒരു സന്നദ്ധ പ്രവർത്തകന്റെ സേവനം ഉറപ്പാക്കി വരുന്നു. എല്ലാ ജില്ലകളിലും പാലിയേറ്റീവ് പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചു. ഇതിന് പുറമേയാണ് സാന്ത്വന പരിചരണം ഏകോപിപ്പിക്കുന്നതിന് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചിരിക്കുന്നത്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെയാണ് പാലിയേറ്റീവ് പരിചരണം നടപ്പിലാക്കി വരുന്നത്.

ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ ശ്രീറാം സാംബശിവറാവു, സാമൂഹ്യനീതി വകുപ്പ് ഡയക്ടർ അദീല അബ്ദുള്ള, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, ഡോ. ബിപിൻ ഗോപാൽ, ഡോ. മഹേഷ്, ഡോ. മാത്യൂസ് നമ്പേലി, കെ.എം. സീന, പ്യൂപ്പിൾഫസ്റ്റ് ഹെഡ് ഓഫ് ഡിജിറ്റൽ പബ്ലിക് ഗുഡ്സ് ബോധിഷ് തോമസ്, സോഷ്യൽ പോളിസി ഹെഡ് രഞ്ജിത് ബാലാജി എന്നിവർ പങ്കെടുത്തു.




# എൻ.എ.പി.ഇ.എം ദേശീയ സമ്മേളനം സമാപിച്ചു

**തിരുവനന്തപുരം:** പീഡിയാട്രിക് എമർജൻസി മെഡിസിനിലെ വിപ്ലവകരമായ മാറ്റങ്ങളും മേഖലയിൽ കൈവരിച്ചിരിക്കുന്ന മുന്നേറ്റങ്ങളും ചർച്ച ചെയ്ത് എൻ.എ.പി.ഇ.എം ദേശീയ സമ്മേളനം. 'മേക്കിങ് ദ് ഇ.ഡി പീഡിയാട്രിക് റെഡി' എന്ന വിഷയത്തിൽ കിംസ് ഹെൽത്ത്, ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് (ഐഎപി) ട്രിവാൻഡ്രം ചാപ്റ്റർ, ഐഎപി കേരള ചാപ്റ്റർ, ഐഎപി പിഇഎം ചാപ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നടന്ന് വന്നിരുന്ന ദ്വിദിന ദേശീയ സമ്മേളനം സമാപിച്ചു. രാജ്യത്തിനകത്ത് നിന്നും പുറത്തുനിന്നുമായി അൻപതോളം ആരോഗ്യവിദഗ്ദ്ധർ സെഷനുകൾക്ക് നേതൃത്വം നൽകി മുന്നൂറോളം ഡോക്ടറുമാർ കോൺക്ലേവിൽ പങ്കെടുത്തു. കിംസ്ഹെൽത്ത് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. എം.ഐ സഹദുള്ള ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക് എമർജൻസി മെഡിസിൻ 2024 ചാപ്റ്റർ ദേശീയ പ്രസിഡന്റ് ഡോ. രാധിക രാമൻ മുഖ്യ പ്രഭാഷണം നൽകി. അനന്തപുരി ഹോസ്പിറ്റൽസ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മാനേജിങ് ഡയറക്ടർ ഡോ. എ. മാർത്താണ്ഡ പിള്ള, ഐഎപി പിഇഎം ചാപ്റ്റർ 2025 ദേശീയ പ്രസിഡന്റ് ഡോ. എ.കെ ഗോയൽ, ഐഎപി കേരള സ്റ്റേറ്റ് പ്രസിഡന്റ് ഡോ. റിയാസ് ഐ, ഐഎ പി ട്രിവാൻഡ്രം സെക്രട്ടറി ഡോ. ശ്രീജിത്ത് കുമാർ സി, എന്നിവർ ചടങ്ങിൽ ആശംസകളറിയിച്ചു. ഐഎപി പിഇഎം ചാപ്റ്റർ 2024 ദേശീയ സെക്രട്ടറി ഡോ. ഭരത് ചൗധരി റിപ്പോർട്ടും അവതരിപ്പിച്ചു.

# കൊച്ചിയിലെ വെറ്ററൻ റണ്ണേഴ്സിനെ ആദരിച്ചു

**കൊച്ചി:** കൊച്ചി മാരത്തണിൽ പങ്കാളികളായ കൊച്ചിയിലെ വെറ്ററൻ റണ്ണേഴ്സിനെ ആദരിച്ചു. മാരത്തൺ സംഘാടകരായ ക്ലിയോസ്പോർട്സിന്റെ ആഭിമുഖ്യത്തിലാണ് ചടങ്ങ് നടന്നത്. കലൂർ ഗോകുലം പാർക്കിൽ നടന്ന പരിപാടിയിൽ ഒളിമ്പ്യനും മാരത്തൺ റെയ്സ് ഡയറക്ടറുമായ ആനന്ദ് ലൂയിസ് മെനെസെസ്, ക്ലിയോസ്പോർട്സ് ഡയറക്ടർമാരായ അനീഷ് പോൾ, ശബരി നായർ എന്നിവർ പുരസ്കാരം സമ്മാനിച്ചു.

# ബിഎൽഎം അസറ്റ് ഹോംസ് സംയുക്ത സംരംഭ ഭവന പദ്ധതിക്ക് തുടക്കം

**തിരുവനന്തപുരം:** രാജ്യത്തെ ഏറ്റവും വലിയ ഹൗസിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റികളിലൊന്നായ ബിഎൽഎംഉമായി ചേർന്ന് അസറ്റ് ഹോംസ് കേരളത്തിൽ നിർമിക്കുന്ന ആദ്യപാർപ്പിട പദ്ധതിയായ അസറ്റ് വിസ്മയത്തിന് തിരുവനന്തപുരം നഗരഹൃദയമായ ശാസ്തമംഗലത്ത് തറക്കല്ലിട്ടു. അസറ്റ് ഹോംസ് നിർമാണമാരംഭിക്കുന്ന 116ാമത് പദ്ധതിയാണ് അസറ്റ് വിസ്മയം. പ്രീമിയം എക്സോടിക സീരസിലെ 3, 4 ബിഎച്ച്കെ അപ്പാർട്ടുമെന്റുകളുടെ പദ്ധതിയാണ് അസറ്റ് വിസ്മയം. തറക്കല്ലിടൽ ചടങ്ങിൽ ബിഎൽഎം ചെയർമാൻ ആർ. പ്രേം കുമാർ, അസറ്റ് ഹോംസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ വി. സുനിൽ കുമാർ, ആർക്കിടെക്റ്റ് ജി. ശങ്കർ, എസ് എൻ രഘുചന്ദ്രൻ നായർ, വാർഡ് കൗൺസിലർ മധുസൂദനൻ നായർ, അസറ്റ് ഹോംസ് സിഇഒ ടോണി ജോൺ തുടങ്ങിയവർ പങ്കെടുത്തു.

# 50,000 പിന്നിട്ട് നിസാൻ മാഗ്നൈറ്റിന്റെ കയറ്റുമതി

**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യയുടെ നിസാൻ മാഗ്നൈറ്റ് കാർ 50,000 കയറ്റുമതി എന്ന നാഴികക്കല്ല് പിന്നിട്ടു. ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ മാഗ്നൈറ്റിന്റെ 6,239 കാർ കയറ്റുമതി കൂടി നേടിയതോടെയാണ് നിസാൻ ഈ നേട്ടം കൈയവരിച്ചത്. അടുത്തിടെ, ലെഫ്റ്റ്ഹാൻഡ് ഡ്രൈവ് (എൽഎച്ച്ഡി) വിപണികളിലേക്ക് കൂടി കയറ്റുമതി ആരംഭിച്ചത് നേട്ടം വേഗത്തിലാക്കി. ഫെബ്രുവരി മാസം ആഭ്യന്തര വിപണിയിൽ 2,328 വാഹനങ്ങൾ കൂടി വിറ്റഴിച്ച് കയറ്റുമതിയുൾപ്പെടെ 8,567 വാഹനങ്ങളുടെ മൊത്തവില്പനയും നിസാൻ സ്വന്തമാക്കി. മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് കയറ്റുമതിയിൽ 97 ശതമാനം വളർച്ചയും രേഖപ്പെടുത്തിയതായി നിസാൻ അധികൃതർ വ്യക്തമാക്കി.

ഒപ്പം, സുസ്ഥിര വികസനത്തിനോടുള്ള പ്രതിബദ്ധതയുടെ ഭാഗമായി പുതിയ നിസാൻ മാഗ്നൈറ്റ് ബിആർ10 നാച്ചുറലി ആസ്പിറേറ്റഡ് എഞ്ചിൻ പൂർണ്ണമായും ഇ20 അനുസൃതമാണെന്ന് നിസാൻ പ്രഖ്യാപിച്ചു.

# ഗ്യാലക്സി എം16 5ജി, ഗ്യാലക്സി എം06 5ജി ഇന്ത്യയിൽ അവതരിപ്പിച്ച് സാംസങ്




**ഗുരുഗ്രാം:** ഗ്യാലക്സി എം16 5ജി, ഗ്യാലക്സി എം06 5ജി എന്നിവ പുറത്തിറക്കുന്നതായി സാംസങ് പ്രഖ്യാപിച്ചു. രൂപഭംഗിയുടെയും അത്യാധുനിക മാറ്റത്തിന്റെയും ആകർഷകമായ സംയോജനം വാഗ്ദാനം ചെയ്യുന്നതാണ് ജനപ്രിയ ഗ്യാലക്സി എം സീരീസിലേക്കുള്ള ഏറ്റവും പുതിയ കൂട്ടിച്ചേർക്കലുകളെന്നും ഓരോ ഉപഭോക്താവിനും പുതിയ സാധ്യതകൾ കൂടി ഈ ഡിവൈസുകൾ ഉറപ്പാക്കുന്നുവെന്നും സാംസങ് ഇന്ത്യ, എംഎക്സ് ബിസിനസ് ജനറൽ മാനേജർ അക്ഷയ് എസ് റാവു പറഞ്ഞു.എം സീരീസിന്റെ ഇരട്ട പാരമ്പര്യമായ അസാമാന്യ പുതുമകളും പ്രകടനവുമായാണ് ഗ്യാലക്സി എം16 5ജി, ഗാലക്സി എം06 5ജി എന്നിവ വിപണിയിലെത്തുന്നതെന്നും അക്ഷയ് എസ് റാവു പറഞ്ഞു. പുതുമയുള്ള ഡിസൈനിൽ, മീഡിയടെക് ഡൈമെൻസിറ്റി 6300 പ്രോസസറും ഓപ്പറേറ്റർമാരിലുടനീളം പൂർണമായ 5ജി സപ്പോർട്ട് സവിശേഷതകളുമായി, സ്റ്റൈലും പെർഫോമൻസും മെച്ചപ്പെടുത്തുന്നതിനാണ് ഈ ഉപകരണങ്ങൾ നിർമിച്ചിരിക്കുന്നത്. ഈ വിഭാഗത്തിലെ ഏറ്റവും മികച്ച എഫ്എച്ച്ഡി പ്ലസ് സൂപ്പർ അമോലെഡ് ഡിസ്പ്ലേ, 6 ജനറേഷൻസ് ഒഎസ് അപ്ഗ്രേഡ്, ടാപ്പ് ആൻഡ് പേ പ്രവർത്തനക്ഷമമാക്കിയ സാംസങ് വാലറ്റ് എന്നിവയ്ക്കൊപ്പം രണ്ട് പുതിയ മോഡലുകളും പുതിയ മാനദണ്ഡങ്ങൾ കൂടി സ്ഥാപിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഉയർന്ന നിലവാരമുള്ള കളർ കോൺട്രാസ്റ്റിലൂടെ ആഴത്തിലുള്ള കാഴ്ച്ചാനുഭവം നൽകുന്ന ഈ വിഭാഗത്തിലെ ലീഡിങ് എഫ്എച്ച്ഡി പ്ലസ് സൂപ്പർ അമോലെഡ് ഡിസ്പ്ലേയാണ് ഗ്യാലക്സി എം16 5ജിയുടെ പ്രധാന സവിശേഷതകളിലൊന്ന്.പുതിയ ലീനിയർ ഗ്രൂപ്പ്ഡ് ക്യാമറ മൊഡ്യൂൾ, ബോൾഡ് ആൻഡ് ബാലൻസ്ഡ് കളർ പാലറ്റ്, മെച്ചപ്പെടുത്തിയ ഫിനിഷ് എന്നീ സവിശേഷതകൾ ഉൾപ്പെടുത്തി ഒരു പുതിയ ഡിസൈനിലാണ് ഗ്യാലക്സി എം16 5ജിയും ഗ്യാലക്സി എം06 5ജിയും ഒരുക്കിയിരിക്കുന്നത്. സുഗമമായ മൾട്ടിടാസ്കിങിന് വേഗവും ഊർജവും നൽകുന്ന മീഡിയടെക് ഡൈമെൻസിറ്റി 6300 പ്രോസസറാണ് ഗ്യാലക്സി എം16 5ജിക്കും ഗ്യാലക്സി എം06 5ജിക്കും കരുത്തേകുന്നത്. പുതിയ ക്യാമറ മൊഡ്യൂൾ കൂടി ഗ്യാലക്സി എം16 5ജിയും ഗ്യാലക്സി എം06 5ജിയും അവതരിപ്പിക്കുന്നുണ്ട്. കൂടുതൽ വ്യക്തതയ്ക്കായി ഈ സെഗ്മെന്റിലെ ലീഡിങ് 50 മെഗാപിക്സൽ മെയിൻ ക്യാമറക്കൊപ്പം 5 മെഗാപിക്സൽ അൾട്രാവൈഡ് ലെൻസും, 2 മെഗാപിക്സൽ മാക്രോ ക്യാമറയും ഗ്യാലക്സി എം16 5ജിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മികച്ചതും വ്യക്തവുമായ സെൽഫികൾ എടുക്കാൻ അതിന്റെ 13 മെഗാപിക്സൽ ഫ്രണ്ട് ക്യാമറ സഹായിക്കും. വ്യക്തതയുള്ള ഏറ്റവും മികച്ച ഫോട്ടോകൾ പകർത്തുന്നതിന് എഫ്1.8 അപ്പേർച്ചറോടുകൂടിയ ഹൈ റെസല്യൂഷൻ 50 മെഗാപിക്സൽ വൈഡ് ആംഗിൾ ലെൻസാണ് ഗ്യാലക്സി എം06 5ജിയിലുള്ളത്. കൂർമതയുള്ള ചിത്രങ്ങൾ നൽകുന്നതിന് 2 മെഗാപിക്സൽ ഡെപ്ത് ക്യാമറയും, സെൽഫികൾ എടുക്കുന്നതിന് 8 മെഗാപിക്സൽ മുൻ ക്യാമറയുമായാണ് ഗ്യാലക്സി എം06 5ജി വരുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ഗ്യാലക്സി എം16 5ജി 4ജിബി+128 ജിബി വേരിയന്റിന് 11,499 രൂപയും, 6ജിബി+128 ജിബി വേരിയന്റിന് 12,999 രൂപയും, 8ജിബി+128 ജിബി വേരിയന്റിന് 14,499 രൂപയുമാണ് വില. ആയിരം രൂപയുടെ ബാങ്ക് ക്യാഷ്ബാക്ക് ഓഫർ ഉൾപ്പെടെയാണിത്. 500 രൂപയുടെ ബാങ്ക് ക്യാഷ്ബാക്ക് ഓഫർ ഉൾപ്പെടെ ഗ്യാലക്സി എം06 5ജി 4ജിബി+128 ജിബി വേരിയന്റ് 9,499 രൂപയ്ക്കും, 6ജിബി +128 ജിബി വേരിയന്റ് 10,999 രൂപയ്ക്കും ലഭ്യമാകും.

# വൈബ്രന്റ് ബിൽഡ്കോൺ 2025 എക്സ്പോ; സൗജന്യ രജിസ്ട്രേഷൻ മാർച്ച് 31വരെ

**കൊച്ചി:** ഏപ്രിൽ 13മുതൽ 16വരെ ഡൽഹി യശോഭൂമി എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന വൈബ്രന്റ് ബിൽഡ്കോൺ 2025 എക്സ്പോയിലേക്ക് ഈ മാസം 31വരെ സൗജന്യമായി രജിസ്റ്റർ ചെയ്യാമെന്ന് സംഘാടകർ അറിയിച്ചു. കെട്ടിട നിർമാണത്തിന് ആവശ്യമായ വസ്തുക്കളുടെ വിപണി വിപുലീകരണം സാധ്യമാക്കുക, ഇന്ത്യയിൽ നിർമിക്കുന്ന നിർമാണസാമഗ്രികളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക, വിദേശ വിപണികൾ കണ്ടെത്തുക, നൂതന രീതിയിലുള്ള നിർമാണസാമഗ്രികളുടെ പ്രദർശനം എന്നീ ലക്ഷ്യത്തോടെയാണ് രാജ്യതലസ്ഥാനത്തു എക്സ്പോ സംഘടിപ്പിക്കുന്നത്.കെട്ടിടങ്ങൾക്കാവിശ്യമായ നിർമാണ സാമഗ്രികളുടെ ചെറുകിട, ഇടത്തരം സംരംഭങ്ങളെ ആഗോള ബിസിനസ് വിപണിയുമായി ബന്ധിപ്പിക്കാനുള്ള മികച്ച അവസരമാണ് വൈബ്രന്റ് ബിൽഡ്കോൺ എക്സ്പോ വഴി ലഭിക്കുന്നത്. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രശസ്ത ആർക്കിടെക്റ്റുകൾ, ബിൽഡർമാർ, ഇന്റീരിയർ ഡിസൈനർമാർ, പ്രൊഫഷണലുകൾ എന്നിവർ എക്സ്പോയുടെ ഭാഗമാകും. സുസ്ഥിരത, നവീകരണം, ഡിജിറ്റലൈസേഷൻ എന്നിവയിൽ കേന്ദ്രീകരിച്ചുള്ള വൈബ്രന്റ് ബിൽഡ്കോൺ 2025 എക്സ്പോ, സർക്കാരിന്റെ മെയ്ക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് പദ്ധതികളുടെ ചുവടുപിടിച്ചാണ് നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് https://vibrantbuildcon.com/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.




# ഗ്രീവ്സ് റീട്ടെയിൽ നൂതന നിർമ്മാണ ഉപകരണ ശ്രേണി പുറത്തിറക്കി

**കൊച്ചി:** ഗ്രീവ്സ് കോട്ടൺ ലിമിറ്റഡിന്റെ ഡിവിഷനായ ഗ്രീവ്സ് റീട്ടെയിൽ ഉയർന്ന കാര്യക്ഷമതയുള്ള നിർമ്മാണോപകരണങ്ങളുടെ പുതിയ ശ്രേണി പുറത്തിറക്കി. മിനി എക്സ്കവേറ്റർ റേഞ്ച് ,ഇലക്ട്രിക് സിസർ ലിഫ്റ്റ് റേഞ്ച്, ഇലക്ട്രിക് ബൂം ലിഫ്റ്റ് എന്നിവയാണ് പുതിയ ഉത്പന്നങ്ങൾ. വളർന്നുവരുന്ന അടിസ്ഥാന സൗകര്യ വ്യാവസായിക വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിനൊപ്പം, പാരിസ്ഥിതിക ഉത്തരവാദിത്തം ഉറപ്പാക്കിക്കൊണ്ട് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നവയാണ് പുതിയ ശ്രേണി.

കൂടാതെ, ഗ്രീവ്സ് കോട്ടൺ ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ എക്സൽ കൺട്രോൾ ലിങ്കേജ് പ്രൈവറ്റ് ലിമിറ്റഡ് ഈ രംഗത്ത് വിപുലമായ എഞ്ചിനീയറിംഗ് ഉൽപ്പന്നങ്ങൾ വാഗ്ദാനം ചെയ്യും. നിർമ്മാണ മേഖലയിലേക്കുള്ള ഈ പ്രവേശനം ഗ്രീവ്സ് കോട്ടന്റെ വൈവിധ്യവൽക്കരണ തന്ത്രത്തിന്റെ ഭാഗമാണ്.



# ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഇന്ററാക്റ്റീവ് കിയോസ്ക്

**തിരുവനന്തപുരം:** ആറ്റുകാൽ ദേവി ക്ഷേത്രത്തിലേക്ക് സൗത്ത് ഇന്ത്യൻ ബാങ്ക് ഇന്ററാക്റ്റീവ് കിയോസ്ക് കൈമാറി.ക്ഷേത്രത്തിലെ പണമിടപാടുകൾ, പൂജ വഴിപാടുകൾ എന്നിവ സംബന്ധിച്ച എല്ലാ കാര്യങ്ങളും ഡിജിറ്റൽവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കിയോസ്ക് സ്ഥാപിച്ചതെന്ന് ബന്ധപ്പെട്ട അധികൃതർ വ്യക്തമാക്കി. വഴിപാടുകൾ സംബന്ധിച്ച എല്ലാ വിവരങ്ങളും തുകയും ഭക്തരുടെ പേരുവിവരങ്ങളും നക്ഷത്രവും കൃത്യമായി മെഷീനിൽ രേഖപ്പെടുത്തിയാൽ ഓൺലൈൻ ആയി പണം അടച്ച് രസീത് കൈപ്പറ്റാൻ സാധിക്കും. എല്ലാ യുപിഐ പണമിടപാടുകളും സൗകര്യപ്രദമായ രീതിയിൽ ഉപയോഗിക്കാനും ക്യുആർ കോഡ് സ്കാൻ ചെയ്തു പണം അടയ്ക്കാനും കിയോസ്കിലൂടെ സാധിക്കും. ഭക്തർക്ക് സ്വയം ഇടപാടുകൾ നടത്താൻ കഴിയുന്ന രീതിയിലാണ് കിയോസ്കിന്റെ പ്രവർത്തണമെന്നതിനാൽ കൗണ്ടറിനു മുന്നിലുള്ള തിരക്ക് പരമാവധി നിയന്ത്രിക്കാനും ക്ഷേത്ര സന്ദർശനം സുഗമമാക്കാനും സാധിക്കുമെന്നും അധികൃതർ പറഞ്ഞു. ക്ഷേത്രാങ്കണത്തിൽ നടന്ന ചടങ്ങ് സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ ജനറൽ മാനേജർ ചിത്ര എച്ച് ആദ്യ ഇടപാടു നടത്തി ഉദ്ഘാടനം ചെയ്തു. ആറ്റുകാൽ ട്രസ്റ്റ് പ്രസിഡന്റ് ശോഭ വി, ട്രഷറർ ഗീത കുമാരി, വൈസ് പ്രസിഡന്റ് കൃഷ്ണൻ നായർ, ജോയിന്റ് സെക്രട്ടറി അനുമോദ്, സൗത്ത് ഇന്ത്യൻ ബാങ്ക് റീജണൽ ഹെഡ് പ്രവീൺ ജോയ്, ഡിജിറ്റൽ പ്രൊഡക്റ്റ്സ് ഹെഡ് വിഭ കെ കെ, എജിഎം ഹരിശങ്കർ എസ്, ഡിജിറ്റൽ സെയിൽസ് ഹെഡ് വിശ്വരാജ് വി, ക്ലസ്റ്റർ ഹെഡ് ശ്രീജിത്ത് പി വി, ട്രിവാൻഡ്രം മെയിൻ ബ്രാഞ്ച് മാനേജർ ശ്രീജിത്ത് പി എന്നിവർ പങ്കെടുത്തു.

# ഐസിഐസിഐ പ്രു ഗിഫ്റ്റ് സെലക്ട് അവതരിപ്പിച്ചു

**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിൻറെ ദീർഘകാല സമ്പാദ്യ പദ്ധതി 'ഐസിഐസിഐ പ്രു ഗിഫ്റ്റ് സെലക്ട്' അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് ഉറപ്പായതും ഉടനടി വരുമാനം നൽകി പണലഭ്യത ഉറപ്പാക്കുന്നതുമായ ഈ പദ്ധതി ഗ്യാരണ്ടീഡ് വരുമാനം ആരംഭിക്കേണ്ട സമയം, വരുമാനത്തിൻറെ കാലാവധി, മെച്യൂരിറ്റി സമയത്ത് ലഭിക്കുന്ന തുക എന്നിവ തിരഞ്ഞെടുക്കാനുള്ള സൗകര്യം ലഭ്യമാക്കുന്നു. കൂടാതെ ലൈഫ് കവർ കുടുംബത്തിന് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നുവെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിൻറെ ചീഫ് പ്രൊഡക്റ്റ് ആൻഡ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട്ട പറഞ്ഞു.വരുമാന വർദ്ധന ഓപ്ഷനാണ് ഈ പദ്ധതിയുടെ മുഖ്യ സവിശേഷത. വരുമാനത്തിൻറെ തോത് വർഷത്തിൽ 5 ശതമാനം എന്ന സംയോജിത നിരക്കിൽ വർദ്ധിക്കുന്നത് പണപ്പെരുപ്പത്തെ ഫലപ്രദമായി നേരിടാൻ സഹായിക്കുന്നു.ഉപഭോക്താക്കളുടെ മാറിവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായാണ് ഐസിഐസിഐ പ്രു ഗിഫ്റ്റ് സെലക്ട് അവതരിപ്പിച്ചിരിക്കുന്നത്. ഈ പദ്ധതി ഉപഭോക്താക്കൾക്ക് ഗ്യാരണ്ടീഡ് വരുമാനത്തിൻറെ ആനുകൂല്യം നൽകുന്നതിനൊപ്പം അവരുടെ ജീവിതലക്ഷ്യങ്ങൾക്കും നിക്ഷേപ ആസൂത്രണത്തിനും യോജിച്ച രീതിയിൽ ഭേദഗതി വരുത്താനുമുള്ള അവസരവും നൽകുന്നുവെന്ന് അമിത് പാൽട്ട പറഞ്ഞു.



# പുതിയ എ സി സീരീസുകൾ അവതരിപ്പിച്ച് ഷാർപ്പ്

**കൊച്ചി:** ജാപ്പനീസ് ഇലക്ട്രോണിക്സ് കമ്പനിയായ ഷാർപിന്റെ ഏറ്റവും പുതിയ എ സി സീരീസുകൾ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. റിയൂ, സെയ്റോ, പ്ലാസ്മ ചിൽ സീരീസുകളാണ് അവതരിപ്പിച്ചത്. ഉയർന്ന ശീതീകരണ സംവിധാനത്തിനു പുറമെ ഊർജക്ഷമത, വായു ഗുണനിലവാരത്തിനായി ആധുനിക ഫിൽറ്ററുകൾ എന്നിവയും പുതിയ എ സികളിൽ ലഭ്യമാണെന്ന് ഷാർപ്പ് ബിസിനസ് സിസ്റ്റംസ് (ഇന്ത്യ) മാനേജിംഗ് ഡയറക്ടർ ഒസാമു നരിറ്റ പറഞ്ഞു. സെവൻ ഇൻ വൺ കൺവേർട്ടിബിൾ ഫംഗ്ഷണാലിറ്റി, സെൽഫ് ക്ലീനിങ്, സെൽഫ് ഡയഗ്നോസിസ് എന്നിവയാണ് പ്രത്യേകതകൾ. വലിയ റൂമുകളെ ശീതികരിക്കാൻ കഴിയുന്ന മൾട്ടിപ്പിൾ കപ്പാസിറ്റിയാണ് എ സികൾക്കുള്ളത്.

ഇന്ത്യൻ ഉപഭോക്താക്കളുടെ അഭിലാഷങ്ങളും ജീവിതശൈലികളുമായി പൊരുത്തപ്പെടുന്ന ഉൽപന്നങ്ങൾ നൽകുന്ന, വിശ്വസനീയ ബ്രാൻഡായി ഷാർപ്പിനെ പുനഃസ്ഥാപിക്കുകയാണ് ലക്ഷ്യമെന്നും ഒസാമു നരിറ്റ പറഞ്ഞു. ആധുനിക സാങ്കേതികവിദ്യ, വിശ്വാസ്യത, മികവ് എന്നിവയിൽ അധിഷ്ഠിതമായ ഞങ്ങളുടെ ഉൽപന്നങ്ങളിലൂടെ ഉപഭോക്താക്കളുടെ ജീവിതനിലവാരം ഉയർത്തുന്നതിനോടൊപ്പം എ സി വ്യവസായത്തിൽ പുതിയ മാനദണ്ഡങ്ങൾ നിർവചിക്കുകയും ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യൻ ഉപഭോക്താക്കളുടെ മാറിവരുന്ന അഭിരുചികളെ നിറവേറ്റികൊടുക്കുന്നതിനുള്ള നിർണായക നടപടിയാണ് നൂതന സാങ്കേതിക വിദ്യയോടുകൂടിയ എ സികൾ അവതരിപ്പിക്കുന്നതിലൂടെ പൂർത്തീകരിക്കുന്നതെന്ന് ഷാർപ് അപ്ലൈയൻസ് ഡിവിഷൻ വൈസ് പ്രസിഡന്റ് മിമോഹ് ജെയിൻ പറഞ്ഞു. 39999, 32499, 32999 എന്നിങ്ങനെയാണ് റിയൂ, സെയ്റോ, പ്ലാസ്മ ചിൽ സീരീസുകളുടെ വിപണിവില.

# ബാങ്ക് ഓഫ് ബറോഡയ്ക്ക് അവാർഡ് സമ്മാനിച്ചു

**കൊച്ചി:** സ്റ്റേറ്റ് ഫോറം ഓഫ് ബാങ്കേഴ്സ് ക്ലബ്സ് കേരള (എസ്എഫ്ബിസികെ) ബാങ്കിംഗ് എക്സലൻസ് ആൻഡ് ബിസിനസ്മെൻ ഓഫ് ദി ഇയർ അവാർഡ്സിൽ ബാങ്ക് ഓഫ് ബറോഡയ്ക്ക് 'ബെസ്റ്റ് ബാങ്ക് ഓഫ് ദി ഇയർ അവാർഡ്' ലഭിച്ചു. കൊച്ചിയിലെ ഹോട്ടൽ ഹോളിഡേ ഇന്നിൽ നടന്ന ചടങ്ങിൽ ബാങ്ക് ഓഫ് ബറോഡ എറണാകുളം സോൺ ജനറൽ മാനേജരും സോണൽ ഹെഡുമായ ശ്രീജിത്ത് കൊട്ടാരത്തിൽ പുരസ്കാരം ഏറ്റുവാങ്ങി. 2024 സാമ്പത്തിക വർഷത്തിൽ ബാങ്കിംഗ് മേഖലയ്ക്ക് ബാങ്ക് ഓഫ് ബറോഡ നൽകിയസംഭാവനകൾക്കുള്ള അംഗീകാരമാണിതെന്ന് ബാങ്ക് അധികൃതർ അറിയിച്ചു. ബാങ്കിംഗ് മികവ്, ഉപഭോക്തൃ സേവനം, സാമ്പത്തിക നവീകരണം എന്നിവയോടുള്ള ബാങ്ക് ഓഫ് ബറോഡയുടെ അചഞ്ചലമായ പ്രതിബദ്ധതയ്ക്ക് ഈ അംഗീകാരം നേടിയത്. തുടർച്ചയായ മൂന്നാം വർഷമാണ് ബാങ്കിന് ഈ ബഹുമതി ലഭിക്കുന്നതെന്നും ബാങ്ക് അധികൃതർ വ്യക്തമാക്കി. ഐബിഎസ് സോഫ്റ്റ്വെയറിൻറെ സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ വി. കെ. മാത്യൂസിന് മികച്ച ബിസിനസ്മെൻ ഓഫ് ദി ഇയർ 2024 അവാർഡും ചടങ്ങിൽ മന്ത്രി പി രാജീവ് സമ്മാനിച്ചു. ബിസിനസിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും മാത്യൂസ് നൽകിയ സമഗ്ര സംഭാവനകളെ അംഗീകരിച്ചാണ് പുരസ്കാരം നൽകിയത്.

# ഹുണ്ടായ് മോട്ടോർ ഇന്ത്യ ഫൗണ്ടേഷന്റെ ആർട്ട് ഫോർ ഹോപ് 2025

**കൊച്ചി:** ഹുണ്ടായ് മോട്ടോർ ഇന്ത്യയുടെ സാമൂഹ്യ പ്രതിബദ്ധതാ വിഭാഗമായ ഹുണ്ടായ് മോട്ടോർ ഇന്ത്യ ഫൗണ്ടേഷൻ കലാ സാംസ്ക്കാരിക മേഖലയ്ക്കു പിന്തുണ നൽകുന്ന പദ്ധതിയുടെ നാലാം പതിപ്പായ ആർട്ട് ഫോർ ഹോപ് 2025 പ്രഖ്യാപിച്ചു. ഇന്ത്യയിലുടനീളമുള്ള 15 സംസ്ഥാനങ്ങളിൽ നിന്നുള്ള ഗ്രാന്റ് നേടിയ 50 കലാകാരന്മാരെയും കലാ കൂട്ടായ്മകളെയും ആദരിക്കുന്നു.കലാ സാംസ്ക്കാരിക രംഗത്തെ കഴിവുകൾ പ്രോൽസാഹിപ്പിക്കാനുള്ള വാഹന വ്യവസായ മേഖലയിൽ നിന്നുള്ള ആദ്യത്തെ സിഎസ്ആർ പരിപാടിയായ ആർട്ട് ഫോർ ഹോപിന് 2021ലാണ് ഹുണ്ടായ് തുടക്കം കുറിച്ചത്




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com